# ികടകേസരി



കാൺഗ്രസ്സിനു വോട്ടുകിട്ടാനുള്ള ഏകമാർഗ്ഗം

As.




തിക്കുറിശ്ശിയുടെ മംഗളാ പ്രൊഡക്ക്ഷൻസ് നിർമ്മിക്കുന്ന

# ★ ശരിയോ തെററോ

എന്ന മലയാള ചിത്രത്തിലെ ഒരു ഗാനശകലം.

"ഹൃദയവിപഞ്ചിതൻ മൃദുതന്ത്രിപൊട്ടി-
ഹൃദയം തകർന്നു പ്രാണസഖി
മഴമുകിൽ കണ്ടെൻ മനമയിലാടി-
മഴപെയ്യുതില്ലാ പ്രാണസഖി
ഇരവിൽ ഞാൻകണ്ട സുഖസ്വപ്നമെല്ലാം
ഇരുളിൽ മറഞ്ഞു പ്രാണസഖി"

മലയാളനാടക ലോകത്തിൽ ഒരു വിപ്ലവം സൃഷ്ടിച്ച ശ്രീ തിക്കുറിശ്ശിയുടെ തൂലികാചലച്ചിത്ര ലോകത്തിൽ ഒരു ചരിത്രംതന്നെ സൃഷ്ടിക്കുവാൻ പോവുകയാണു്. അദ്ദേഹത്താൽ വിരചിതമായ ഈ കഥ – ശരിയോ തെററോ – യ്ക്കു് ഗാനങ്ങൾ രചിക്കുന്നതും, സംഭാഷണങ്ങൾ തയ്യാർ ചെയ്യുന്നതും എന്നു വേണ്ട ചിത്രം സംവിധാനം ചെയ്യുന്നതും അദ്ദേഹംതന്നെയാണു്.

"ബ്രഹ്മചാരി"കളെന്നു് സ്വയം അഭിമാനിച്ചുകൊണ്ടു്, "ജീവിതയാത്ര" നിർബാധം തുടരുവാനായി മലയാളചലച്ചിത്രമെന്നപേരിൽ കുറെ അരോചക ശിശുക്കളെ സൃഷ്ടിച്ചുവിട്ടു് ചില "മായാ"വിലാസങ്ങൾ കാണിച്ചു് മടിശ്ശീലവീർപ്പിക്കുന്ന നമ്മുടെ നിർമ്മാതാക്കളെ ഒരു പാഠം പഠിപ്പിക്കുവാൻ പര്യാപ്തമായ ഒരു "മാതൃകാ" ശിശുവിനെ പ്രസവിക്കുന്ന ഒരു ഉത്തമ "സ്ത്രീ" യായിരിക്കും തിക്കുറിശിയുടെ മംഗളാ പ്രൊഡക്ഷൻസ്സ് എന്നു് നമുക്കനുമാനിക്കാം !!

പത്രാധിപർ: ആർ. കൃഷ്ണൻനായർ

# വികടകേസരി

[രാഷ്ട്രീയ വിനോദമാസിക]

വാല്യം 3 } തിരുവനന്തപുരം. 1951 നവംബർ/വൃശ്ചികം { ലക്കം 1

ഗ്രന്ഥശാല, 512 മലയിൻകീഴ്

കേസരീവീക്ഷണം

## ★ വാഴകൃഷിയും ചേനകൃഷിയും ★

പണ്ടൊരിക്കൽ ഒരു മല്ലനും മാതേവനും കൂടി വഴിയാത്രപോകയായിരുന്നു എന്നല്ല വികടകേസരി പറയാൻപോകുന്നതു്. ഒരു വിഡ്ഢിയാനും ഒരു വിദ്വാൻകുട്ടിയും കൂടി കൂട്ടുകൃഷി സമ്പ്രദായം നടപ്പാക്കിയ കഥയാണു ഞങ്ങൾക്കു് പറയുവാനുള്ളതു്. വിഡ്ഢിയാൻ ആൾ വെറുംപാവമാണു്. എന്നാലും കൂടെക്കൂടെ മിടുക്കനാണെന്നുഭാവിച്ചുകളയും. പിന്നെ ബഹുരസമാണു്. മറയൻതന്നെത്താൻ മിടുക്കനാണെന്നുഭാവിച്ചാൽ പിന്നെ അവൻ കാണിക്കുന്ന മൂട്ടപറച്ചിലുകൾക്കു അതിരുണ്ടായിരിക്കില്ല. വിഡ്ഢിയാൻ അതിരാവിലെ എഴുന്നേററു ഭാര്യയെ വിളിച്ചുണർത്തി ഇത്രപഴഞ്ചോറുംവാങ്ങികഴിച്ചുകൊണ്ടു തന്റെ പീറക്കുടയും എടുത്തു യാത്രക്കൊരുങ്ങിയപ്പോൾ അയാളുടെ ആ മിസ്സിസ്സ് ചോദിച്ചു "ഇന്നെന്താണു് ഇത്രനേരത്തേ പഴഞ്ചോറും ഉണ്ടിട്ടുപോകാൻ. എവിടെപോകുന്നതങ്കം"

വിഡ്ഢിയാൻഒന്നു തന്റെ സഹധർമ്മിണിയെ കടാക്ഷിച്ചുകൊണ്ടു പറഞ്ഞു. "എടീ കൊച്ചമ്മുണി. നീയെന്തറിഞ്ഞു? ഞാൻ നമ്മുടെ രാമൻപിള്ളച്ചേട്ടനെ ഒന്നുകമിഴ്ത്തിഅടിക്കാൻ പോകയാണു്" കൂട്ടുകൃഷി ആകാമോ എന്നു പുള്ളിക്കാരൻ എന്നോടുചോദിച്ചു. ആകാം എന്നു ഞാനും ഏററു. അങ്ങേരു ഒരു പുതിയസാധനം കൊണ്ടുവന്നിരിക്കയാണു്. അതെന്തായാലും ശരി ഞാൻപറഞ്ഞു കൃഷിനടത്താം പക്ഷേ ഭൂമിക്കു് മേലുള്ളതെല്ലാം. എനിക്കു താഴെഉള്ളതെല്ലാം അങ്ങേർക്കുമെന്നു" ഭാര്യ ചിരിച്ചുകൊണ്ടുചോദിച്ചു. "അയ്യോ അങ്ങേരതുസമ്മതിച്ചോ. പിന്നെ ഗോപിതന്നെ"

വിഡ്ഢിയാൻ കുടുകുടാചിരിച്ചുകൊണ്ടു വിദ്വാൻകുട്ടി രാമൻപിള്ളയുടെ വീട്ടിലേക്കുനടന്നു. രണ്ടാളുമായി അമ്പതുഏക്കർസ്ഥലം കൃഷിചെയ്തു. ആ തവണത്തെകൃഷിമുഴുവൻ ചേനയായിരുന്നു. ചേന പൊടിച്ചു, കിളിർന്നു, വളർന്നു. വിഡ്ഢിയാൻ തുള്ളിച്ചാടി. ചേനകായ്ക്കുമെന്നും അതു കായ്ക്കുമ്പോൾ ഒരുമണിപോലും പോകാതെ തനിക്കു മുതലാക്കാമെന്നുമാണു് അവൻ കരുതിയിരുന്നതു്. ഒടുവിൽ കരാറനുസരിച്ചു ഭൂമിക്കു അടിയിലുള്ളതുമുഴുവൻ രാമൻപിള്ള വെട്ടിയെടുത്തു. വിഡ്ഢിയാൻ ലജ്ജിച്ചു നാറിനടന്നു വെറുംകൈയ്യോടെ വീട്ടിൽചെന്നപ്പോൾ ഭാര്യ അയാളുടെ ചെകിട്ടത്തുനല്ല കണക്കിനു രണ്ടു കുത്തുകുത്തി—ഫൂ മറയൻ !!

അടുത്ത കൃഷിക്കുതന്നെ പററിക്കാൻ കഴിയാതിരിക്കട്ടെ എന്നു നേരത്തെ ചിന്തിച്ചുറപ്പിച്ചുകൊണ്ടു വിഡ്ഢിയാൻ വിദ്വാൻ കുട്ടിയെകണ്ടു കരാർ എഴുതി ഒപ്പിടുവിച്ചു നല്ലതിൽ നാലു സാക്ഷിയും വച്ചു. അതായതു അടുത്ത കൃഷിക്കു ഭൂമിക്കുമേൽ വരുന്നതു രാമൻ പിള്ളയ്ക്കും താഴെയുള്ളതു് തനിയ്ക്കും എന്നാണു കരാർ. രാമൻപിള്ള ആൾ വിദ്വാൻ കുട്ടിയല്ലേ അയാൾ അതും സമ്മതിച്ചു പക്ഷേ കൃഷി എന്തായിരുന്നു എന്നറിയാമോ. വാഴ–നല്ല ഒന്നാംതരം ഏത്തവാഴ വാഴഇലകൾ വിരിഞ്ഞുതഴച്ചു പൊങ്ങി വിഡ്ഢിയാൻ കൂടക്കൂടെ രഹസ്യമായി അതി

ന്റെ മൂട്ടു തോണ്ടിനോക്കാറുണ്ട് വാഴയുടെ തടിച്ച മൂട്ടും ചുററും പടന്ന വേരുകളും കണ്ടു പല്ലിളിച്ചു അവർ ജയഭേരിയോടെ പൊങ്ങിച്ചാട്ടം. "രാമൻപിള്ള ഈതവണ നക്ഷത്രകാലുമെണ്ണുമെടീ" എന്നവൻ ഭാര്യയോടു പറഞ്ഞുകൊണ്ടിരുന്നു. എന്തിനുപറയുന്നു കൊല്ലം ഒന്നുകഴിഞ്ഞു വാഴ കുലച്ചു വാഴക്കുലകളെല്ലാം രാമൻപിള്ള വെട്ടി അടുക്കുമ്പോൾ വിഡ്ഢിയാൻ ഓരോ വാഴയുടേയും മൂട്ടുതോണ്ടി മറിച്ചുകൊണ്ടിരുന്നു. അങ്ങനെ ആ തവണയും അവൻ തോററു.

## അഭ്യർത്ഥന

ഈ വരുന്ന പൊതുതെരഞ്ഞെടുപ്പിൽ ഇൻഡ്യൻ പാർലമെൻറിലേക്കു് തിരുവന്തപുരം ഡിസ്ട്രിക്കിൽഉൾപ്പെട്ട തിരുവനന്തപുരം സിററി ഒന്നും, രണ്ടും വിളവംകോട്ടു്, നേമം, നെയ്യാററിൻകര, പാറശ്ശാല കോട്ടുകാൽ ഉള്ളൂർ, കഴക്കൂട്ടം നിയോജകമണ്ഡലത്തിലേയ്ക്കു് ഞാൻ ഒരു സ്വാതന്ത്ര്യസ്ഥാനാർത്ഥിയായി നിൽക്കുന്നതും, ഞാൻ രാജ്യത്തിനും, ജനങ്ങൾക്കും വേണ്ടി സകലവിധ കഴിവുകളും ഉപയോഗപ്പെടുത്തുമെന്നു് വിശ്വസിപ്പിയ്ക്കുന്നതും, ആകയാൽ ഈ നിയോജകമണ്ഡലത്തിൽപ്പെട്ട എല്ലാ സമ്മതിദായകന്മാരുടേയും, സഹായസഹകരണങ്ങൾക്കായി അഭ്യർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

എന്റെ അടയാളം ആനയാണു്.

വിധേയൻ,

ജെ. ഈ. ഏ. പെരേര.

ചന്ദ്രഗിരി, തമ്പാന്നൂർ തിരുവനന്തപുരം

ഇതൊന്നും ചുമ്മായല്ല ഇത്ര വലിയ വിഡ്ഢികൾ ലോകത്താരുണ്ടു് എന്നു ചോദിക്കാൻ പോകണ്ടാ. ഇതിലും വലിയ വിഡ്ഢികളുണ്ടു നമ്മളെല്ലാം. ഛേയ് നമ്മൾവിഡ്ഢികളോ? ഈ ഇരുപതാം നൂററാണ്ടിലെ ആണുങ്ങളല്ലേ നമ്മൾ. നാം എങ്ങനെ വിഡ്ഢികളാകും എന്നാണോ ചിന്തിച്ചുകൊണ്ടു നില്ക്കുന്നതു്. അങ്ങനെയാണെങ്കിൽ എന്റെ പൊന്നച്ചൻ ആ നടു റോഡിൽനിന്നൊന്നു മാറി ആ മാവിന്റെ തണലിൽ നിന്നാട്ടെ പറഞ്ഞുതരാം പിന്നെ രാമസ്വാമിഅയ്യർ രാമസ്വാമിയ്യർ എന്നൊരു പട്ടർ ഭരിച്ചിരുന്നില്ലേ? അങ്ങേരു ഭരിച്ചകാലത്തു് അരിയും തുണിയും നല്ല റഡിമണിയായിരുന്നില്ലെ? ഏതു ആഫീസിൽ ചെന്നാലും തലസ്ഥാനത്തു ഒരു ഭരണാധികാരി ഉള്ളവനെപ്പററി നല്ല ചുടും ഉണർവും ഉണ്ടായിരുന്നില്ലെ? എന്നിട്ടു നമ്മുടെ കുറെ വിദ്വാൻകുട്ടികൾക്കു ജനങ്ങൾ പുങ്കന്മാരാണെന്നു മനസ്സിലായി. അവർ രാമസ്വാമി അയ്യരെ പായിച്ചുകളഞ്ഞിട്ടു ജനങ്ങളുമായി യോജിച്ചു ഒരു കൂട്ടു കൃഷി ആകാമെന്നു പറഞ്ഞു. ഒന്നാമത്തെ കൃഷി കാൺഗ്രസ്സിന്റെ ജനകീയ ചേനയായിരുന്നു. ജനങ്ങൾ ഇപ്പോൾ കുലവെട്ടിക്കളയാമെന്നു പറഞ്ഞു മേലോട്ടുനോക്കി കാത്തിരുന്നു എടാ പുളുന്താന്മാരെ ചേനയുണ്ടോ കുലയ്ക്കുന്നു ജനങ്ങളെ മലർത്തി ഇരുത്തിക്കൊണ്ടു് കാൺഗ്രസ്സു് വിദ്വാൻ കുട്ടികൾ മണ്ണിനടിയിൽ നിന്നു നിധിഎടുത്തു മുതലാക്കി—നാം വിഡ്ഢിയാന്മാരായില്ലെ. ജനങ്ങൾ വിഡ്ഢികളാണെങ്കിലും അതു സമ്മതിക്കാതെ വിവരമുള്ളവരെപോലെ ചമഞ്ഞു നടക്കും.

ഫോൺ നമ്പർ 2583.

## പി. മാധവൻതമ്പി

വെങ്കലപാത്ര വ്യാപാരം * ചാല, തിരുവനന്തപുരം.

ഉറപ്പ്! ഭംഗി! ഒരേവില! ഞങ്ങളുടെ മുദ്രയുള്ള പാത്രങ്ങൾക്കു പരിപൂർണ്ണ ഉത്തരവാദിത്വം.

N. B. ഞായറാഴ്ച കടതുറക്കുന്നതല്ല.

അവക്ക പിന്നെ കണ്ണു കണ്ടുക്രൂടാ കണ്ടുക്രൂടാ എന്നു മാത്രമല്ല ചെവിയും കേട്ടുക്രൂടാ. സർവത്ര സംശയമാണ്. ആലോചനയില്ല—ആരെയും വിശ്വസിക്കുകയുമില്ല. ഇതെല്ലാം നല്ല ഒന്നാംതരം വിഡ്ഢികളുടെ ലക്ഷണമാണ്. കാൺഗ്രസ്സുകാർ ചേന മുഴവൻ അടിച്ചുകളഞ്ഞതിലും തങ്ങൾ മാനത്തു നോക്കി ഇരുന്നതു വെറും ചുമ്മാ ആയതിലും അരിശം തുള്ളിയിട്ടു ജനങ്ങൾ ഇതാ അവരെ പാടെ മറയത്തു കളഞ്ഞിട്ടു വെറൊരു ക്രൂട്ടം വിഢാൻ കുട്ടികളുമായി കാരാർ പത്രം എഴുതി ഒപ്പിട്ടു കഴിഞ്ഞു. ഇനി മണ്ണുമായിട്ടല്ലാതെ വിണ്ണുമായിട്ടു ഒരേർപ്പാടും വേണ്ടാ. ഭൂമിയും അതിനു താഴെയുള്ള വിഭവങ്ങളും ജനങ്ങൾക്കുതന്നെ കൊടുക്കണം. അതിനു മാററമേ ഇല്ല. ഓഹോ! മാററമേ ഇല്ല എന്നു അവർ സമ്മതിച്ചു തലകുലുക്കി എന്താണു സംഭവിക്കാൻ പോകുന്നതെന്നു ദൈവത്തിനറിയാം. എത്തവാഴ കൃഷിയാണ് അടുത്ത കൃഷിയെങ്കിൽ വീണ്ടും ജനങ്ങൾ കുമിഴ്ന്നതു തന്നെ. ആരെയും അതിരു കടന്നു വിശ്വസിക്കാനും ആക്കും മുൻക്രൂട്ടി കരാർ എഴുതികൊടുത്തുള്ള അവകാശം പണയപ്പെടുത്തുന്നതും എപ്പോഴും അബദ്ധമാണ്. എല്ലാം അന്നന്നു കണ്ടതുപോലെ തുല്യാവകാശത്തിൽ വീതിക്കാമെങ്കിൽ ആരും തോക്കുകയില്ല. ഒരാളെ ബീററാക്കണമെന്നും നമുക്കു മുഴവൻ ലാഭവും അടിക്കണമെന്നും ആരു കരുതുമോ അയാൾ പട്ടം കുഴികളിൽ ചെന്നു ചാടും. ഒരു അബദ്ധം പററിയ ഉടൻ വൈരം ഉണ്ടായി വിറച്ചു തീരെ ആലോചിക്കാതെ—ആരു പറയുന്നതും കേൾക്കാതെ എല്ലാവരെയും അവിശ്വസിച്ചുകൊണ്ടു മുറുമുറുത്തുകൊണ്ടു പോകുന്നവൻ വീണ്ടും മഹാ ഗർത്തത്തിലാണു ചെന്നു വീഴുന്നതു്. ഒരു അബദ്ധം പററിയാൽ വേണ്ടതു് ഒന്നുക്രൂടി ശാന്തമായി സകല അഭിപ്രായഗതികളും അറിഞ്ഞു മനസ്സിലാക്കി, 'മനസ്സിരുത്തി പ്രവത്തിച്ചു അടുത്തതു നന്നാക്കാൻ നോക്കുകയാണ്. കൃഷികാര്യമായാലും രാഷ്ട്രീയമായാലും അതുവേണം ഓർമ്മയിരിക്കാൻ. നമ്മുടെ ജനങ്ങളും നേതാക്കന്മാരും പരസ്പരം വഞ്ചിക്കുന്ന ചേനകൃഷിയും വാഴകൃഷിയും നടത്താതിരിക്കണമെന്നാണു വികടകേസരിയുടെ പ്രാർത്ഥന.

---

## സ്വന്തം കാര്യം

വികടകേസരി അതിൻെറ മൂന്നാം വയസ്സിലേക്കു കടക്കുകയാണ്. ഞങ്ങളും ജനകീയ സർക്കാരും തമ്മിൽ ഒരു പൊരുത്തവും ഇല്ലാത്ത മട്ടിലാണു കഴിയേണ്ടിവരുന്നതെന്നു പറയേണ്ടിവരുന്നതിൽ വികടകേസരിക്കു ഖേദമില്ല. ഞങ്ങളും ഞങ്ങളുടെ വായനക്കാരായ പതിനായിരത്തിൽപരം ബഹുമാന്യരായ ജനങ്ങളുമായി വികടകേസരി ലോഹ്യത്തിലാണെന്നു 'ഇതിനകം ഞങ്ങൾക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നു പറയേണ്ടിവരുന്നതിൽ വികടകേസരിക്കു സന്തോഷമുണ്ട്. കഴിഞ്ഞ രണ്ടുകൊല്ലത്തെ ഞങ്ങളുടെ പൊതുജനസേവനം ഏതു മാർഗ്ഗത്തിൽ ക്രൂടിയായിരുന്നു എന്നുള്ളതിനെപ്പററി ഞങ്ങളുടെ വായനക്കാർതന്നെ തീർച്ചപ്പെടുത്തട്ടെ. ആരുതന്നെ തെററുചെയ്താലും ആവക തെററുകളെ മുഖംനോക്കാതെ ഞങ്ങൾ നിശിതമായിവിമർശിക്കുകതന്നെ ചെയ്യുമെന്നു ഒന്നുക്രൂടി ഉറപ്പിച്ചു പറഞ്ഞുകൊള്ളട്ടെ;നിമിഷം പ്രതിവദ്ധിച്ചുവരുന്നകടലാസ്സിൻെറവിലകയററത്തിലും വികടകേസരിയുടെ പ്രസിദ്ധീകരണം മുടക്കുകയോ,പേജുകൾ ചുരുക്കുകയോ ചെയ്തിട്ടില്ലെന്നുപറയുവാൻ സന്തോഷമുണ്ട്. മേലും പൊതുജനങ്ങളുടെ ഹാർദ്ദവമായ സ്വീകരണം ഞങ്ങൾക്കു കിട്ടുമെന്നുള്ള ആത്മാത്ഥമായ വിശ്വാസത്തോടുക്രൂടി ഈ പ്രസ്ഥാവന നിറുത്തട്ടെ!

---


**Radhakrishna Motor Works**
**Vadayattukotta, Quilon.**

**വെൽഡ ിംഗ്**

അലുമിനിയം, കാസ്റ്റയേൺ, ബ്രാസ് കാപ്പർ, അയേൺ, സ്റ്റീൽ മുതലായ എല്ലാ ലോഹങ്ങളും മിതമായ ചാർജ്ജിൽ വെൽഡ് ചെയ്തുകൊടുക്കപ്പെടും.

എക്സ്റേ പരിശോധന

# സഖാവ് ശ്രീകണ്ഠൻനായർ

— സൈറൺ —

1944-ൽ ആണ് ആദ്യമായി അദ്ദേഹത്തെ കാണുക. തിരുവനന്തപുരത്ത് ഒരു ഹോസ്റ്റൽ നടയിൽ നിൽക്കയായിരുന്നു ഞങ്ങൾ. ഞാനും ചില കൂട്ടുകാരും. ഞങ്ങൾ കിഴക്കോട്ടുനോക്കി.




പോലീസുകാരുടെ അകമ്പടിയോടെ ഒരാൾ 'ഗജഗമനം' നടത്തുന്നുണ്ട്. ആജാനബാഹുവായ ഒരതികായൻ. മുഖം ശ്മശ്രുപൂർണ്ണമാണ്. തിളങ്ങുന്ന കണ്ണുകൾ! ഒരു കാളറില്ലാത്ത അരക്കൈയ്യുടുപ്പും വരയുള്ള ജയിൽത്തോർത്തും. പക്ഷേ ആ നിലയിലും അദ്ദേഹം ദർശനീയനായിരുന്നു. കണ്ഠം മാത്രമല്ല കായം മുഴുവനും ശ്രീയുള്ളതുതന്നെ. അപ്പോൾ ഒരാൾ പറഞ്ഞു. 'അതാണ് ശ്രീകണ്ഠൻനായരെന്ന്'' ഞങ്ങൾ അദ്ദേഹത്തെ തൊഴുതു. തലചരിച്ച് അദ്ദേഹം പ്രത്യഭിവാദനം ചെയ്തു. ഞങ്ങളുടെ നേതാവിനോട് കുറച്ചു കുശലംകൂടിപ്പറഞ്ഞതിനു ശേഷമേ അദ്ദേഹം സ്ഥലംവിട്ടുള്ളു.

ഒററനോട്ടത്തിൽ ആർക്കും ബഹുമാനം തോന്നിപ്പോകും. ആ അമാനുഷനിൽനിന്ന് ചരിത്രം പലതും നേടും. കഴിവുള്ള ഒരു നേതാവാണദ്ദേഹം. കേരളത്തെ ഒരു കൊടികീഴിലാക്കാൻ ഒരു നാൾ അദ്ദേഹത്തിനു കഴിഞ്ഞുവെന്നു വരാം. ഇന്നാട്ടിലേ ആബാലവൃദ്ധത്തിൻെറ ആശമുഴുവൻ വിശ്വാസത്തോടെ അദ്ദേഹത്തിൽ അർപ്പിയ്ക്കാം. ആത്മാർത്ഥതയുടെ ഒരു നിറകുടമാണദ്ദേഹം.

ഇപ്പോൾ കനത്ത ഇരുമ്പഴികളിൽ കിടന്ന് മൂട്ടയോടും കൊതുകിനോടും കുശലം പറയുകയാണ്. തിരുവിതാംകൂറിലും വെളിയിലുമുള്ള എത്ര ജയിൽ മൂട്ടകളുടെ കടിയേററവനാണദ്ദേഹം. തൊഴിലാളികളുടെ പ്രാണവായുവാണദ്ദേഹം. കർഷകരുടെ കാണപ്പെട്ട ദൈവവും മററാരുമല്ല.

കൊല്ലത്തെ കോട്ടൺമില്ലിൽ ലോക്കൗട്ടുചെയ്തപ്പോഴത്തെ ഒരു സംഭവം ഓർമ്മയിൽവരുന്നു. തൊഴിലാളി ബലമായി അകത്തുകടക്കാൻ ശ്രമിച്ചു. പക്ഷേ പോലീസുനായ്ക്കൾ അവരെ കടിച്ചു മുറിവേല്പിയ്ക്കാൻ കുരച്ചുകൊണ്ടു ചാടിവീണു. ലാത്തിയുടെ ഒരുതുമ്പ് തൻെറ പ്രിയപ്പെട്ട ഒരു തൊഴിലാളിയുടെയെങ്കിലും വേലയേറ്റ

# A.S.S. മാക്ക് നല്ലെണ്ണ


ത്തു ക്ഷീണിച്ച ദേഹത്തു തൊട്ടുപോയാൽ...... പിന്നെ ശ്രീകണ്ഠൻ ശ്രീകണ്ഠനല്ലാതായിത്തീരുകയാണു പതിവ്.

"എൻെറ തൊഴിലാളിയെ തൊട്ടോടാ" ആവേശത്തോടെ അങ്ങനെ അലറിക്കൊണ്ടു് അദ്ദേഹം ഒരു എ. എസ്സ്. പിയുടെ നേരെ ചാടിവീണു് ഒരു ദ്വന്ദ്വയുദ്ധമങ്ങാരംഭിച്ചു. ആ ബലിഷ്ഠമുഷ്ടികളിൽ ഞെരിഞ്ഞ കാക്കിധാരിയെ മററു ഭൃത്യന്മാർ ഓടിവന്നു രക്ഷപ്പെടുത്തി. ആ ആർ എസ്സ്. പി., ഏ. എസ്സ്. പി. സംഘട്ടനം വളരെക്കാലത്തേക്കു് ജനങ്ങളുടെ സംസാരവിഷയമായിരുന്നു.

ശ്രീകണ്ഠൻ ഒരു സാപ്പാട്ടുരാമനാണു്. അതദ്ദേഹംതന്നെ തുറന്നുപറയും. അദ്ദേഹത്തെ ലഘുഭക്ഷണത്തിനെങ്ങാൻ വിളിച്ചാൽ ഗണപതിപ്രാതൽനടത്തിയ വൈശ്രവണനേപ്പോലെ കഷ്ടണിച്ചുപോവുമെന്നുള്ളതുതീർച്ച. പുട്ടും പഴവും കുഴച്ചടിക്കുന്ന ആവിസ്തൃവദനന്റെ ഒരു സ്നാപ്പു കിട്ടിയാൽ അതു് വളരെക്കാലത്തേക്കു് ആളുകൾക്കു് ചിരിയ്ക്കുവാനുള്ള ഒരസംസ്കൃത സാധനമായുപയോഗിയ്ക്കാം./ ഇല്ലസ്ട്രേറ്റഡ് വീക്ക്ലിയ്ക്കെങ്ങാനുമയച്ചാൽ അതിനൊരു ഫസ്റ്റ്പ്രൈസ്പോട്ടെ ഒരു കൺസലേഷൻ പ്രൈസെങ്കിലും തീർച്ചയാണു്.

ഇന്നത്തെ യാതനാമല്ലന്മാരുടെ ക്രൂടെയെല്ലാം പ്രവർത്തിച്ചിട്ടുള്ള ഒരു ധീരയോദ്ധാവാണദ്ദേഹം! താടിക്രൂടി ഒന്നു വളർത്തിയിട്ടാൽ സിംഹംതന്നെ സിംഹം! ഒററ നോട്ടത്തിനു് പത്തു സി. കേശവന്മാരെ ഒന്നിച്ചുടർത്തിക്കളയും. അസാമാന്യമായ വ്യക്തിമാഹാത്മ്യവും അത്ഭുതാവഹമായ തൻേറടവും അജയ്യമായ ആത്മനിയന്ത്രണശക്തിയുമാണു് അദ്ദേഹത്തിൻെറ നേതൃത്വത്തെ ഉജ്ജ്വലമാക്കുന്നതു്.

ചവറത്തൊഴിലാളികളുടെ കണ്ണിലുണ്ണിയായ അദ്ദേഹം അവരുടെയിടയിൽ നിന്നുതന്നെ തെരഞ്ഞെടുപ്പിനു മത്സരിക്കുന്നുണ്ടു് അഥവാ മത്സരമെന്നൊന്നിനു പറയുന്നു: തനിയ്ക്കവകാശപ്പെട്ട സ്ഥാനം പിടിച്ചെടുക്കാൻ നിശ്ചയിച്ചിട്ടുണ്ടു്. തൊഴിലാളിവർഗ്ഗത്തിനു തോൽവി പററുമെങ്കിലേ അദ്ദേഹം തോൽക്കു.

സ. ശ്രീകണ്ഠൻനായർ ക്ലാസ്സോടുക്രൂടി പാസ്സായ ഒരു ലിററരേച്ചർ ഓണേഴ്സുകാരനാണു്. ആ ഗംഭീരനായ രാഷ്ട്രീയ പ്രവർത്തകൻെറ ഉള്ളിൽ ഒരു കലാകാരൻെറ സ്നേഹമുഗ്ദ്ധമായ


## ചന്ദ്രികാ സ്റേറാർ

കച്ചേരിക്കു സമീപം,
ആററിങ്ങൽ

ചില്ലറ വ്യാപാരികളുടെ സുവർണ്ണാവസരം. സ്റ്റേഷനറി, പുകയില, ബീഡിയില, ബീഡി, സിഗററുകൾ, ഒന്നാംതരം മദ്രാസ്പൊടി, വാസനദ്രവ്യങ്ങൾ, പലയിനം സോപ്പുകൾ ഇവ മിതമായ വിലയ്ക്കു ആവശ്യമുള്ളവർ ഞങ്ങളെ സമീപിക്കുക.

N. B. കൂടാതെ ഞങ്ങളുടെ ചന്ദ്രികാ കൺഫെക്ഷനറി ഒരിക്കൽ ഉപയോഗിച്ചുനോക്കുവിൻ.

പ്രൊ. കെ. രാഘവൻ.

ഹൃദയമാണു് സ്പന്ദിക്കുന്നതു്. "എൻെറ അമ്മ" എന്നു വികാരാത്മകമായ കൃതി വായിച്ചിട്ടുള്ളവരോടു് അക്കഥ പറയണമെന്നില്ല. ഹാ! അതിലെ ഗദ്യകവിതപോലെ ഒഴുകുന്ന വികാരപ്രവാഹം ആരെയാണു് കോരിത്തരിപ്പിയ്ക്കാത്തതു്. മകൻെറ കയ്യിൽനിന്നു് അന്ത്യമായി ഒരു തുള്ളി വെള്ളം നുണച്ചിറക്കാൻ ഭാഗ്യമില്ലാതെ "എൻെറ...എൻെറ ശ്രീ" എന്നു ജപിച്ചു് പിടഞ്ഞു മരിച്ച അമ്മയോടുള്ള നിറവേററാത്ത കടമകളുടെ ഒരേററു പറച്ചിലാണു് ആ കൃതികളിൽകിടന്നു തിളച്ചു തുളുമ്പുന്നതു്. അമ്മയുടെ മരണകാലത്തു ആ കേരള സിംഹത്തെ ഒരു ദിവസത്തെ പരോളിൽ വിടാൻപോലും ധൈര്യമില്ലാതിരുന്ന ഗവമ്മെൻേറ! നീ ലജ്ജിക്കുക...ലജ്ജിക്കുക...നിൻെറ ഓടിയടുക്കുന്ന അവസാന നിമിഷങ്ങളോത്തു് കണ്ണീർ തൂവുക......

സ: ശ്രീകണ്ഠൻ വളരെ വൈകിയതിനുശേഷമാണു് വിവാഹം ചെയ്തതു്. ഒരു പക്ഷേ അനുരൂപയായ ഒരു മഹിളാരത്നത്തിനു വേണ്ടി അദ്ദേഹം വളരെക്കാലം കാത്തിരുന്നതായിരിയ്ക്കാം. കാൺഗ്രസ്സിനുവേണ്ടി രക്തവും മജ്ജയമർപ്പിച്ച ശ്രീ. കെ. കെ. കുഞ്ചുപിള്ളയുടെ പുത്രിയാണു് ഭാഗ്യവതിയായ ആ വധു. പക്ഷേ അവൾക്കു് കണ്ണീരും കയ്യുമാണു മിച്ചം. ഭർത്താവൊത്തു കഴിച്ചിട്ടുള്ള ദിവസങ്ങൾ എത്ര കാണും? ഇപ്പോൾ രാഷ്ട്രത്തിനുവേണ്ടി—തൊഴിലാളികളുടെ കണ്ണീർ തുടച്ചു കുററത്തിനു് അദ്ദേഹം വിയ്യൂർ ജയിലിലാണു്. ദേശാഭിമാനികൾക്കു് അധികാരം നൽകുന്ന സമ്മാനങ്ങൾ നോക്കൂ ജയിലറകൾ...കൈവിലങ്ങുകൾ...നാടുകടത്തലുകൾ...കൊല്ലാക്കൊലകൾ അതേസമയം ധാന്യപ്പുരകൾക്കു ദ്വാരമിടുന്ന മൂഷകരായ കള്ളപ്പെരുച്ചാഴികൾക്കോ...ഉദ്യോഗം മെഡൽ...പെൻഷൻ...പെർമിററു്...!!

കഷ്ടപ്പെടുന്ന വർഗ്ഗങ്ങളെ! നിങ്ങൾ സമരത്തിനു മൂർച്ച കൂട്ടൂ. ഇതെല്ലാം മാറുന്ന കാലം അത്ര വിദൂരത്തല്ല. ഉദയ പർവ്വതത്തിനു മുകളിൽ ചെങ്കൊടി പാറിത്തുടങ്ങി. കള്ളന്മാരുടേയും കൊള്ളക്കാരുടേയും ക്രൂരകേളിയ്ക്കു കൂട്ടു നിന്ന രാത്രി അവസാനിയ്ക്കാറായി.

അന്നു നമ്മുടെ ശ്രീകണ്ഠനെ നമുക്കു വേണം. നമ്മുടെ വിജയഘോഷയാത്രയുടെ മുമ്പിൽ വിപ്ലവപതാകയുമായി നമ്മേ നയിയ്ക്കാൻ! അന്നദ്ദേഹം നമ്മുടെ മുമ്പിൽ വരും. ബഹുജനവിപ്ലവത്തിൻെറ ധ്വംസാഘാതത്തിൽ ജയിൽ ഭിത്തികൾ തകർന്നു വീഴുന്ന ആ സുദിനത്തിൽ!!

N. B. പ്രസ്തുതലേഖനം അച്ചടിനടക്കുമ്പോഴാണു ശ്രീകണ്ഠനെ ജയിലിൽ നിന്നും മോചിപ്പിച്ചിരിക്കുന്നതായി അറിയുന്നു. (പത്രാധിപർ)



PETROMAX No. 822

നിരാശപ്പെടേണ്ട

അടിയന്തിരാദികൾ, ഡിന്നർ പാർട്ടികൾ തുടങ്ങിയവക്കു് ആവശ്യമുള്ള സകലഇനം സാമാനങ്ങളും മിതമായ വാടകക്കു് ഞങ്ങളെ സമീപിക്കുവിൻ!

എവിടെ? അട്ടക്കുളങ്ങര—തിരുവനന്തപുരം

പ്രൊ: കെ. കെ. പിള്ള. ലൈററ് മർച്ചൻറു്

# വോട്ടനൽകേണ്ടതാക്ക്?

— മീശാൻ —

വരാൻപോകുന്ന തിരഞ്ഞെടുപ്പിന്റെ പിന്നിൽ ഒരു നിഴൽ നിങ്ങൾക്കു് ദർശിക്കുവാൻ സാധിക്കും. രൂപം അദൃശ്യമാണെങ്കിലും നിഴൽ അവിടെത്തന്നെയുണ്ടാവും. കമ്മ്യൂണലിസത്തിന്റെ നിഴലായിരിക്കുമതു്.

പണ്ഡിററ്ജിയുടെ എല്ലാ പ്രസംഗങ്ങളിലും കമ്മ്യൂണലിസം ബഹിഷ്കരിക്കണമെന്നു എടുത്തു പറയുന്നുണ്ടു്. അതേ സമയം മുക്കർജി കൂട്ടർ, കമ്മ്യൂണലിസത്തിന്റെ വളർച്ചയ്ക്കു വേണ്ട വളം പ്രദാനം ചെയ്യുന്നതു നെഹ്റുവാണെന്നും പറയുന്നു. നെഹ്റുവിന്റെ, വർഗ്ഗീയ ചിന്ത വർജ്ജിക്കണമെന്നുള്ള അപേക്ഷ, വർഗ്ഗവിദ്വേഷ വലയത്തിനുള്ളിൽ നിൽക്കുന്ന കൂട്ടർക്കു കണ്ണുകരോരമായി തോന്നിയതിന്റെ ഫലമായി അവർ സകല കുററങ്ങളും നെഹ്റുവിൽ വെച്ചു കെട്ടുകയാണു് പതിവു്.

അടുത്ത തിരഞ്ഞെടുപ്പിൽ, കോൺഗ്രസ്സ്, സോഷ്യലിസ്റ്റ്, ഐക്യമുന്നണി, പ്രജാപാർട്ടി. സ്വതന്ത്രൻ, ഇങ്ങനെ പല പേരിലും സ്ഥാനാർത്ഥികൾ മത്സരിക്കുവാൻ അരയും തലയും മുറുക്കി മുന്നോട്ടു വന്നിട്ടുണ്ടു്. എന്നാൽ ഇവരിൽ കമ്മ്യൂണലിസ്റ്റ് എന്നു മുദ്രയടിക്കാവുന്ന പലരും ഉണ്ടു്. അവരുടെ സംഖ്യ അഥവാ പരിമിതമാണെങ്കിൽത്തന്നെയും അവരെ പിരിമുറുക്കാൻ നാട്ടുകാരിൽ ഭൂരിപക്ഷവും തയ്യാറായിട്ടുമുണ്ടു്: തിരഞ്ഞെടുപ്പു സമീപിക്കുന്നതോടൊപ്പം രാജ്യമൊട്ടാകെ കമ്മ്യൂണൽ ഫീവർ പടന്നു പിടിക്കുകയില്ലേ എന്നുംകൂടി സംശയിക്കേണ്ടിയിരിക്കുന്നു.

ഹിന്ദുവിനെവിടെയെല്ലാം മെജാറിററി കിട്ടും, കൃസ്ത്യൻ മെജാറിററി കേന്ദ്രങ്ങൾ ഏതെല്ലാം—മുസ്‌ലീം ഭൂരിപക്ഷം എവിടെയെല്ലാം ഉണ്ടു്—ഇതാണു നാട്ടുകാരുടെ സംസാരവിഷയം. ഈ നിലയ്ക്കു ഒരാൾ കാൺഗ്രസ്സായാലും, സോഷ്യലിസ്റ്റായാലും, ഐക്യമുന്നണിക്കാരനായാലും, വെറും സ്വതന്ത്രനായാലും അയാൾ നിലകൊള്ളുന്ന പാർട്ടിയെയല്ല അയാൾ ഏതു ജാതിയിൽ അല്ലെങ്കിൽ ഏതു സമുദായത്തിൽപ്പെട്ടയാളാണു് എന്നായിരിക്കും 'വോട്ടു ദാതാവിന്റെ നോട്ടം. അങ്ങനെ വരുമ്പോൾ ജനങ്ങളുടെ വോട്ടുകൾ 'ജാതീയ'മായോ 'പാർട്ടീയ'മായോ 'നാട്ടീയ'മായോ ഏതു് "ഈയ"ത്തിൽ വാത്തു എടുക്കുവാൻ പോകുന്നു എന്നു കണ്ടു തന്നെയറിയണം. 'നാട്ടീയം' ആയി അതായതു നാട്ടിനു വേണ്ടി എത്ര പേർ വോട്ടു ചെയ്യും? ഇതാണു പണ്ഡിററ് നെഹ്റുവിനെ അലട്ടു

നിങ്ങൾ കുളത്തുപ്പുഴ വരുമ്പോൾ

ഹൃദ്യമായ ഭക്ഷണപാനീയങ്ങൾക്കു

**ഹോട്ടൽ താജ് സന്ദർശിക്കുക!!**

സ്പെഷ്യൽ ചായ, കാപ്പി, ഓവൽ, ഓട്ടസ്, കൊക്കൊ

ഇവ ഞങ്ങളുടെ പ്രത്യേകതയാണു്

പ്രൊ: എൻ. മൈതീൻപിച്ച റാവുത്തർ.

ന്ന പ്രശ്നം, അദ്ദേഹം പറയുന്നതു നമ്മുടെ ഓരോ വോട്ടിനും വലിയ വില കല്പിക്കണമെന്നും ആ വോട്ട ഭാസുരമായ ഒരു ഭാവികെട്ടിപ്പടുക്കാനുതകുന്ന ഭരണക്രമം പണിയുന്നതിലേക്കു പയോഗിക്കേണ്ട ഇഷ്ടികയായി കരുതണമെന്നും ആ ഇഷ്ടികഭരണക്രമം പണിയാൻ പരിചയം സിദ്ധിച്ച കാൺഗ്രസ്സിനു നൽകണമെന്നുമാണു്. അതുകേട്ടു് ശ്രീ. ജയപ്രകാശ് പറയുന്നു കോൺഗ്രസ്സ് എത്രയും ഭംഗിയിൽ സൃഷ്ടിക്കുമെന്നു പറയപ്പെടുന്ന ഭരണക്രമം കോൺഗ്രസ്സിൻെറ പിടിയിൽ നിൽക്കുന്ന മുതലാളിമാരും അവരെ ആശ്രയിച്ചു കഴിയുന്ന അവസര സേവകന്മാരും കൈകാര്യം ചെയ്യുമെന്നും അങ്ങനെ വരുമ്പോൾ രാജ്യത്തിൻെറ ജീവനാഡികളായ കർഷകനും തൊഴിലാളിക്കും ആ കെട്ടിടത്തിൻെറ ഗേററിനപ്പുറമേ നിൽക്കാനല്ലാതെ അതിനുള്ളിൽ പ്രവേശനം ലഭിക്കുന്നതല്ലെന്നുമാണു് ഈ അഭിപ്രായത്തിൽ തൂങ്ങിപ്പിടിച്ചുകൊണ്ടു് ശ്രീമതി അരുണ പറയുന്നു കർഷകനേയും തൊഴിലാളിയേയും വഞ്ചിച്ചു അധികാരം കൈക്കലാക്കാൻ ശ്രമിക്കുന്ന സോഷ്യലിസ്റ്റിനെ വിശ്വസിക്കരുതെന്നും കർഷക തൊഴിലാളിമാക്കുവേണ്ടി ആത്മാർത്ഥമായി മത്സരിക്കുന്ന കൂട്ടർ ഐക്യമുന്നണിക്കാരാണെന്നും ഐക്യമുന്നണി വിഭാവനചെയ്യുന്ന രാഷ്ട്രം കർഷകൻെറയും തൊഴിലാളിയുടേയുമായിരിക്കുമെന്നും അവിടെ ബൂർഷ്വാസികൾക്കും പിൻതിരിപ്പൻന്മാർക്കും, അവസര സേവകന്മാർക്കും സ്ഥാനമുണ്ടായിരിക്കയില്ലെന്നും സാധാരണക്കാരൻ ഭരിക്കുന്ന ഒരു രാജ്യമായി ഭാരതം അറിയപ്പെടുമെന്നും മററുമാണു്. അതുകേട്ടു് സ്വതന്ത്രൻ പറയുന്നു രാജ്യശ്രേയസ്സിനായ സ്വതന്ത്രനു വോട്ടുചെയ്യുവാൻ ഒരുത്തൻ മാത്രം ജയിച്ചാൽ അയാളെക്കൊണ്ടു എന്തുചെയ്യാൻ സാധിക്കും? മാത്രമല്ല ഒററയാനെ ഭയപ്പെടുകയും കൂടിവേണം അവൻ മറെറല്ലാ സംഘടനകളേയും വിഗണിച്ചു ഏകനായി രാജ്യം ഭരിക്കാൻ കൊതിക്കുകയാണു. സ്വാർത്ഥതയാണു ഇതിനു പ്രേരണ നൽകുന്നതു് എന്നു നാം ധരിക്കണം.

ആളെനോക്കി വോട്ടുചെയ്യണോ—അതോ പാർട്ടിയെനോക്കി വോട്ടുചെയ്യണോ. ഇതിലുത്തമമെന്നു തോന്നുന്നതു് സ്വീകരിക്കുക. വിശാലഹൃദയന്മാരും രാജ്യാഭിമാനികളും രാജ്യത്തിൻെറ ശ്രേയസ്സിനായി ജീവിതം ഉഴിഞ്ഞുവെച്ചിട്ടുള്ള ത്യാഗശീലന്മാരും വിവേകമുള്ളവരും സ്ഥാനാർത്ഥികളിൽ പെടുമെങ്കിൽ അവരെ കണ്ടുപിടിച്ചു അവക്കു് നമ്മുടെ വിലയേറിയ വോട്ടുനൽകണം. കാരണം മേല്പറഞ്ഞ യോഗ്യതയുള്ളവർ ഭരണമേററാൽ ഒരിക്കലും അവർ രാജ്യത്തിനെ അപഥത്തിൽ ചാടിക്കില്ല. പണത്തിൻെറ കിലുകിലാരവത്തിൽ—പാർട്ടിക്കാരുടെ പ്രസംഗത്തിൽ—നിങ്ങൾ മയങ്ങി—ആലോചനക്കൂടാതെ പ്രവർത്തിച്ചാൽ അവസാനം പശ്ചാത്തപിക്കേണ്ടിവരും. രാജ്യത്തിൻെറ നന്മയ്ക്കായി ഇപ്പഴേ ഉത്തമസ്ഥാനാർത്ഥികളെ കണ്ടുപിടിക്കാൻ ശ്രമിക്കിൻ.. ആ ശ്രമം വിഫലമെന്നു കണ്ടാൽ നിങ്ങളുടെ വോട്ടു് ദുരുപയോഗപ്പെടുത്താതിരിക്കിൻ. ജാതീയം, വർഗ്ഗീയം, പാർട്ടീയം—ഒക്കെ മറന്നിട്ടു് അർഹിക്കുന്നവനു, അവനാരായാലും ഏതു ജാതിയിൽപെട്ടവനായാലും ഏതു പാർട്ടിക്കാരനായാലും നിങ്ങളുടെ വോട്ടുനൽകുന്നതിൽ നിങ്ങൾ ദൃഷ്ടാന്തി പ്രകടിപ്പിക്കണം.

ജയ്ഹിന്ദ്.


## S. P. ഹോട്ടൽ ആൻറ് ററീഷാപ്പ്

കച്ചേരിജംഗ്ഷൻ * * നെടുമങ്ങാട്.

നെടുമങ്ങാട്ട വരുന്നവർ കച്ചേരിയുടെ മെയിൻഗേററിനു തെക്കുവശമുള്ള ബോർഡു് സൂക്ഷിക്കുക—സുഖകരമായഭക്ഷണം. രുചിയും, ശുചിയുമുള്ള പാനീയപദാർത്ഥങ്ങൾ എപ്പോഴും തയ്യാർ. ഒരിക്കൽ പരീക്ഷിക്കുക!

മാനേജർ.

# ഇതു വായിച്ച് ദഹനക്കേട് മാററുക!!

## ഇവർ ഇങ്ങനെ പ്രസ്താവനകൾ ചെയ്യേക്കും

ഈയിടെ ചില വൻതോക്കുകൾ തുടരെ ത്തുടരെ പ്രസ്താവനകൾ പുറപ്പെടുവിയ്ക്കുയാണല്ലോ. എല്ലാം ഒന്നും രണ്ടും മൂന്നുംപേജുകൾമുഴുവനുള്ളതു്. എന്റപ്പോ! ഇതെങ്ങനെ വായിച്ചു തീർക്കാനാണു്. തൊഴിലില്ലാത്തവർക്കു മാത്രമേ എല്ലാം വായിക്കാൻ സാധിയ്ക്കു. വായിനോക്കു്, നുണ പറച്ചിൽ, പേൻ കൊല്ല്, ചൊറികുത്തു് തുടങ്ങിയ വിലയേറിയ തൊഴിലുള്ളവരെ ഉദ്ദേശിച്ചു് പ്രസ്തുത പ്രസ്താവനകളുടെ 'എസ്സൻസ്' യന്ത്രത്തിൽ അരിച്ചെടുത്തു് ഇതാ ഞാൻ ജനങ്ങളുടെ മുമ്പിൽ വെയ്ക്കുന്നു. രൊക്കമായി വായിച്ചു കൊള്ളുക. സത്തുമാത്രമേയുള്ളൂ. കൊത്തില്ല! സമയം ലാഭിക്കുക! വയറു നിറച്ചു വായിച്ചു മനസ്സിലാക്കുക!!

### 1. സി. കേശവൻ

ഇങ്ങനേ പ്രസ്താവന ചെയ്യേക്കും.

എൻെറ ജനങ്ങളെ! ഞാൻ മനസ്സാക്ഷിയനുസരിച്ചുതന്നെയാണു ഭരിയ്ക്കുന്നതു്. അപ്പുനാണെ ഒള്ളതാണേ! സംശയമുണ്ടെങ്കിൽ എൻെറ മകൻ സഖാവു് ബാലകൃഷ്ണനോടോ എൻെറ ബഹു: അളിയൻ ദാമോദരനോടോ അന്വേഷിക്കുക! ബാലകൃഷ്ണൻെറ ഭാര്യ ചന്ദ്രിക ഒന്നുമറിഞ്ഞതല്ല. പാവം! കൊച്ചീക്കാർ പറയുന്ന പനമ്പള്ളിയേ എടുക്കണമെന്നു്. അഞ്ചു ലക്ഷം റാത്തൽ ഭാരമുള്ള ആ തടിയനേ ഞാനെങ്ങനെ എടുക്കും. അതിനുള്ള കരുത്തു് എനിക്കുണ്ടോ? ഈർക്കിലുപോലിരിക്കുന്ന ഞാൻ നാലായി ഒടിഞ്ഞു പോകാനുള്ള തന്ത്രമല്ലേ അതു്. രണ്ടാമതായി അവർ പറയുന്നു, ടീകേ ജോണന്മാരേ പിടലിക്കു പിടിച്ചുതള്ളണമെന്നു്. എന്തുചെയ്യാം. അതുങ്ങളുടെ കരച്ചിൽ കേട്ടാൽ ആ ദുഷ്ടകൃത്യം ചെയ്യാൻ എങ്ങനെ തോന്നും. തന്നെയുമല്ല, അവർ പോയാൽ ഭരണം എങ്ങനെ നടക്കും. എനിയ്ക്കാണെങ്കിൽ എൻെറ ഭാര്യയേയും മകനേയും ശരിക്കു ഭരിയ്ക്കാൻ തന്നെ പ്രയാസം. സംഗതി ഇതൊക്കെയാണു്. അതുകൊണ്ടു് അപ്പുനാണെ ടി. കെയേയും ജോണിനേയും ഞാനുപേക്ഷിക്കയില്ല. ഉപേക്ഷിക്കേണ്ടിവന്നാൽ അന്നു ഞാൻ എന്റെ മകൻെറ ചവിട്ടുകൊണ്ടോ കടലിൽ ചാടിയോ തൽക്ഷണം മരിക്കും. ജനങ്ങളേ! ഞാൻ നിങ്ങളുടെ പ്രധാന മന്ത്രിയാണു്. എന്നേ അനുസരിക്കുക! അങ്ങനെ സ്വാസ്ഥ്യസൗഖ്യം നുകരുക.

### 2. കുമ്പളങ്ങാപ്പിള്ള

ഇങ്ങനെ പ്രസ്താവന ചെയ്യേക്കും.

എനിയ്ക്കു സോക്കേടാണു്. വല്ലാത്ത സോ

Visit- CENTRAL CAFE
NEAR CENTRAL THEATRE
PAZHAVANGADI III TRIVANDRUM.
സന്ദർശിക്കുവിൻ—
സെൻട്രൽ കഫേ
സെൻടൽ തിയേററിനു സമീപം
പഴവങ്ങാടി :: തിരുവനന്തപുരം.
Prop: T. P. T. NAIR.

കേട്! തലക്കു മാത്രമല്ല എല്ലായിടത്തും! കള്ളസൂത്രമാണെന്നു നിങ്ങൾ വിചാരിക്കുണ്ടോ. അല്ല വിചാരിച്ചാലും എനിക്കൊന്നുമില്ല. നാട്ടുകാരേ ഇണക്കാനായി ഇരുന്നു പൊളിഞ്ഞ ഒരു ക്ഷേത്രം ഞാനിപ്പോൾ നന്നാക്കിച്ചു കൊണ്ടിരിക്കയാണു്. പാവങ്ങളെ ഞെക്കിപ്പിഴിഞ്ഞു് പണമുണ്ടാക്കാൻ അറിയാവുന്നിടത്തോളം കാലം എനിക്കു വയറിനു പഞ്ഞമില്ല. കൊച്ചീക്കാർ അഹങ്കാരികളാണെന്നോ അഹങ്കാരികൾ!

എല്ലാത്തിനേം ഒററടിക്കു ഞാൻ മലത്തിക്കളയും ഞാൻ കെ. പി. സി. സി. പ്രസിഡൻറാണു്.

## വികടകേസരി പരസ്യനിരക്കു്

| | | |
|---|---|---|
| മുഴവൻപേജ് | രൂപ | 50—0—0 |
| കവറിനുള്ളിൽ | ,, | 60—0—0 |
| കവർ നാലാംപേജ് | ,, | 75—0—0 |
| ഒരിഞ്ചുകാളം | ,, | 3—0—0 |

## വികടകേസരി വരിസംഖ്യ

| | | |
|---|---|---|
| ഒരുവർഷത്തേക്കു് | രൂപ | 3—0—0 |
| ആറുമാസത്തേക്കു് | ,, | 1—8—0 |
| ഒററപ്രതി | ,, | 0—4—0 |

## ഉത്തരവാദിയല്ല

വരിസംഖ്യയായാലും, പരസ്യക്കൂലിയായാലും ഏതൊരു പണമിടപാടായാലുംശരി ആഫീസ്സിലും പത്രാധിപരുടെകൈഒപ്പുംഉള്ള രസീതിൻപടിയല്ലാതെ കൊടുക്കുന്ന പണമിടപാടുകളിൽവികടകേസരി ഉത്തരവാദിയല്ല.

പത്രാധിപർ.

അറിയാമോ? എന്നോടു കളിച്ചാൽ സകലതിനേം ചമ്മന്തിയാക്കും. എനിക്കു പഠിപ്പും പിടിപ്പുമില്ലെന്നു പറയുന്നവരുടെ തന്തമാരപ്പോലും ഞാൻ കാൽ കാശിനു വകവെച്ചു കൊടുക്കയില്ല. ഒന്നുകിൽ ഞാൻ പറയുന്നതു പോലെ എല്ലാവരും കേൾക്കണം. അല്ലെങ്കിൽ എല്ലാവരും കേൾക്കേണ്ടകാര്യങ്ങളെല്ലാം ഞാൻ പറയാം. കൊറേ പേരു രാജിവക്കുന്നു പോലും. ഇതൊന്നും കണ്ടു് ചങ്കുണ്ണി പേടിക്കയില്ല. രാജിവെച്ചു ഡമോക്രേററിക്കുകാർ......മന്നനും കളത്തിലും കുളത്തിലുമെല്ലാം......'ഒന്നു് ഒത്തുതീക്കണേ' എന്നു പറഞ്ഞു് കാലുപിടിക്കുന്ന കണ്ടില്ലേ? രാജിവെക്കുന്ന ഒരുവനേം എൻെറ കാൺഗ്രസ്സിൽ കേററുകില്ല. സൂക്ഷിച്ചു വേണം രാജി വക്കാൻ, എടോ! മാധവൻനായരേ താനെന്നോടു കളിക്കുന്നതു സൂക്ഷിച്ചുവേണം. ആ എലക്ട്രിക്കു് മൈതീൻ കുഞ്ഞു ഫയൽമാനൊണ്ടല്ലോ അവനേക്കാൾ വലിയവനല്ലല്ലോ നീയ്—അവനേ ഒററടിക്കു് മലത്തിയടിച്ചവനാണു ഞാൻ. രക്ഷ വേണമെങ്കിൽ സമസ്താപരാധം പറഞ്ഞു് ചട്ടമ്പി സ്വാമികളുടെ ക്ഷേത്രത്തിൽ വന്നു് അനുസരണയുള്ളവനായിരിക്കാമെന്നു സത്യം ചെയ്യു്.

### 3. പനമ്പള്ളി

ഇങ്ങനെ പ്രസ്താവനചെയ്യേക്കും.

കേശവൻ എന്നേ കളിപ്പിച്ചു. 'മന്ത്രിയാക്കാം ഓടിവാ' എന്നുപറഞ്ഞു. നേരുപുത്തയോത്തു്. അഞ്ചരനാഴിക വെളുപ്പിനേ എന്നീററു് കുളിച്ചു കുറിയുംതൊട്ടു് ഞാൻ ചെന്നു. 'താൻ പോടോ ഇവിടെ വേലയ്ക്കു വേക്കൻസിയില്ല' ഇതായിരുന്നു അവിടെച്ചെന്നപ്പോഴത്തേ ഉത്ത


## പ്രിമിയർ ഹോട്ടൽ & ഹോസ്റ്റൽ

ശ്രീനാരായണകാളേജിനു സമീപം, കൊല്ലം

ശുചിയായും, രുചിയായും തയ്യാറാക്കപ്പെട്ടുന്ന ആഹാരപാനീയപദാൎത്ഥങ്ങൾ

കിട്ടുന്ന ഏക വിശ്രമസ്ഥലം

N. B. താമസത്തിനു സൗകര്യമുള്ള മുറികളും വാടകയ്ക്കു കൊടുക്കുന്നതാണു്.

പ്രൊ. കെ. ബാലകൃഷ്ണപിള്ള.

രം. ദൈവമേ! ഞാൻ ചാവാതെചത്തു. ഇനി മഷ്യരുടെമുഖത്തു കൂടി ഇറങ്ങിനടക്കാനൊക്കമോ? എന്നേ മന്ത്രിയാക്കിയില്ലെങ്കിൽ ഭാവിയുഷ്ടൂ ദൂഷ്യമാണേ! കാൺഗ്രസ്സിനു വേണമെങ്കിൽ വല്ല ബുക്കും ബയൻറചെയ്തു ജീവിയ്ക്കാനറിയാം. തൊഴിലൊന്നുമില്ലങ്കിൽ ഞാൻ കോർട്ടിൽചെന്നു് ഉറക്കംതൂങ്ങിയിരിയ്ക്കും. എന്നാലും ഇനി ഞാൻ മന്ത്രിയാവാൻവരുമെന്നുദ്ദേശിയ്ക്കുണ്ടോ. കേശവാ! ഭാവിയ്ക്കു ദൂഷ്യമാണേ ഇതു്. എന്നേക്കൂടി എടുക്കാനാ പറഞ്ഞതു്. എടുത്തില്ലെങ്കിൽ ഞാൻ ചത്താലും ഇനി മന്ത്രിയാവാൻ വരികില്ല. മൂന്നുതരം.

4. കെ. പി. മാത്തുനായർ

ഇങ്ങനെ പ്രസ്താവനചെയ്യേക്കും.

കമ്പളത്തിൻെറ പ്രസ്താവന മുഴുവൻ കള്ളമാണു്. അതിൽ വ്യാകരണത്തെറവുകൾ മാത്രമേയുള്ളു. ഞാൻ രാവിലേ അവിടെചെന്നു എന്നു പറയുന്നതു് ഉദ്ദേശപരവും മനഃപൂർവ്വം തെററിദ്ധാരണയുണ്ടാക്കുന്നതുമാണു്. വാസ്തവത്തിൽ പത്തുനാഴിക പുലർന്നതിനുശേഷം മാത്രമാണു ഞാൻ ചെന്നതു്. ഇതുതെളിയിയ്ക്കാൻ ഞാനെപ്പോഴും തയ്യാറാണു്. പിന്നെ 'ഞാൻ പനമ്പള്ളിയോടു പറഞ്ഞു' എന്നതു് 'പനമ്പള്ളിയോടു ഞാൻ പറയുകയും ചെയ്തു' എന്നു മാറേറണ്ടതാണു്. ഈ പ്രസ്താവന മുഴുവൻ രാഷ്ട്രീയമായ കെണികളാണു്. ഇതിൽ ഞാനോ എൻെറ നിർദ്ദോഷിയായ ചേട്ടൻ കെ. പി. ഗോപാലമേനോനോ അകപ്പെടുകയില്ല. ഞങ്ങൾക്കു വീട്ടിൽ കഴിയ്ക്കാൻ വേണ്ടതുണ്ടു്. പോയെങ്കിൽ കാൺഗ്രസ്സിനുപോയി. ഞങ്ങൾക്കെന്തു്?

5. ഇലങ്കത്തു്

ഇങ്ങനെ പ്രസ്താവനചെയ്യേക്കും.

ഇതാ ഞാൻ രാജിവെയ്ക്കുന്നു. കാരണമുണ്ടു്. എന്നേക്കൂടി എന്തുകൊണ്ടു മന്ത്രിയാക്കിയില്ല. കാൺഗ്രസ്സിൽ എല്ലാവരും കരിഞ്ചന്തനടത്തുന്നു. എനയ്ക്കുകൂടി അതുനടത്താൻ എന്തുകൊണ്ടു ഗവമ്മെൻറു് വേണ്ട ഒത്താശകൾ ചെയ്യുന്നില്ല; ഞാൻ കടംകേറിമുടിഞ്ഞു. കാൺഗ്രസ്സിനുവേണ്ടി ചാകാൻ നടന്നാൽ എന്തുകിട്ടാനാണു്: അതിനാൽ ഞാൻ ഇനി ഒരു പെൺപള്ളിക്കൂടംനടത്താൻ വേണ്ടി കാൺഗ്രസ് പദം പൊട്ടിക്കരഞ്ഞുകൊണ്ടു് രാജിവെയ്ക്കുന്നു. മന്ത്രിപദത്തിനു എന്നേവിളിയ്ക്കുന്നതു വരെ ഞാൻ രാജിപിൻവലിയ്ക്കുന്നതല്ലെന്നു് ഇതാ ശപഥം ചെയ്യുകയും ചെയ്യുന്നു.

6. കുഞ്ഞയ്യപ്പൻ

ഇങ്ങനെ പ്രസ്താവനചെയ്യേക്കും.

എല്ലാവരും പ്രസ്താവനയിറക്കുന്നു. എനിക്കും എന്താ ഒന്നിറക്കിയാൽ. ഈ കൃഷിയിലുള്ള വരുമാനം ഞാൻകൂടി അനുഭവിയ്ക്കട്ടെ. എനിയ്ക്കും വല്ലതുമൊക്കെകിട്ടണം. ഒന്നുമില്ലെങ്കിൽ ഒരു പെൺമന്ത്രിയായെങ്കിലും നിയമിക്കണം. സാദ്ധ്യമല്ലെങ്കിൽ ഞാനും എൻെറ ഭാര്യയും കൊച്ചുങ്ങളും അളിയന്മാരും കാൺഗ്രസ്സിൽ നിന്നു് രാജിവെച്ചുകളയുമേ. ങ!

7. കെ. കെ. വിശ്വനാഥൻ

ഇങ്ങനെ പ്രസ്താവനചെയ്യേക്കും.

ഞാൻ 'റിബൽ ഗ്രൂപ്പിൻെറ' നേതാവാണു്.


ഭഗവതി വിലാസം

ഹോട്ടൽ ആൻറ് ററിഷാപ്പ്

ബസ്സ്സ്റ്റാൻഡ്, കായംകുളം.

ൗണിൽ വരുന്നവർ രുചിയായി കാപ്പികുടിക്കുവാനും, സുഖമായി ഊണു കഴിക്കുവാനും ഞങ്ങളുടെ സ്ഥാപനത്തിൽ വരുക.

ഉടമസ്ഥൻ പി. കുട്ടൻപിള്ള.

A. S. S. മാർക്ക് നല്ലെണ്ണ

ഞാൻ അതിശ്വാസ പ്രമേയം അവതരിപ്പിയ്ക്കാൻ ഭാവിച്ചപ്പോഴേക്കു് ടി. കെ. മന്ത്രിസഭ പൊട്ടിത്തകൎന്നു. ഇപ്പോൾ മനസ്സിലായോ എന്നോ. ഞാനാണു ശ്രീ. കെ. കെ. വിശ്വനാഥൻ റബൽ ഗ്രൂപ്പിന്റെ പ്രധനമന്ത്രിയായ ഒരു ഭയങ്കരനേതാവാണു ഞാൻ. കമ്പളത്തിനും മററും എന്നേക്കണ്ടാൽ ഒരു പുച്ഛം! അതങ്ങു മനസ്സിലിരിയ്ക്കട്ടെ. ങ്ഹും!

8. മുണ്ടൻ ചേരി

ഇങ്ങനെ പ്രസ്താവനചെയ്യേക്കും.

ഇപ്പോഴത്തെ മന്ത്രിസഭ കൊച്ചിയോടു സവൎണ്ണാ വ്യതിരിക്തസ്വഭാവമായിരിയ്ക്കുന്നു. കേശവരണത്തിനു് ഒരു ശുഭഭദ്രതയുമില്ല. ചിന്താപരമായ മേന്മയോ കാവ്യസുന്ദരമായ ഭാവനാവിശേഷമോ അതിനില്ല. ഉണ്ടായിരുന്നെങ്കിൽ എന്തുകൊണ്ടു് ഒരു സാഹിത്യകാരനേക്കൂടെച്ചേൎത്തു് മന്ത്രിസഭ വികസിപ്പിച്ചില്ല......(തീൎന്നു.)

എഴുതിയെഴുതി ഞാൻ മടുത്തു. ഇനിയും കിടക്കുന്നു തേവൻ, കുട്ടപ്പൻ കോയിയ്ക്കൽ, ചേഖരപ്പുണിയ്ക്കൻ, നീലകണ്ഠരുപണ്ടാരം, ഈപ്പൻ, അമുക്കൻ, ആന ജോസഫ് തുടങ്ങി അൻപത്തഞ്ചു പേരുടെ പ്രസ്താവനകൾ. എല്ലാത്തിനും 'പ്രസ്സി' എഴുതുമ്പോഴേക്കു് എന്റെ 'നട്ടവ്' ഒന്നു മാറിയെടുക്കണമെന്നുള്ളതിനാൽ ഇവിടെ വച്ചുതന്നെ ഇതവസാനിപ്പിയ്ക്കുന്നു. ഇപ്പോൾ ചില ചിന്നനേതാക്കന്മാർ മുൻഷിസാറന്മാരേ കൊണ്ടു് പ്രസ്താവനയെഴുതിയ്ക്കുന്ന ധൃതിയാണു്. എന്റെ ദൈവം തമ്പുരാനേ! നീയെന്തുകൊണ്ടു് ഒരാററം ബോംബു കൊണ്ടുവന്നു് തിരു-കൊച്ചിയിലിടുന്നില്ല?

---

റീഗൽ കഫേ

ഫോൺ 2278 പാളയം, തിരുവനന്തപുരം

താമസത്തിനുവേണ്ട സകല സജ്ജീകരണങ്ങളും; യൂറോപ്യൻ രീതിയിലും ഇൻഡ്യൻ രീതിയിലുമുള്ള എല്ലാവിധ ഭക്ഷണങ്ങളും എപ്പോഴും തയ്യാറുള്ളതുമാകുന്നു.

Prop: പി. വേലായുധൻ.

The Ramakrishna Electric Works

CHINNAKADA — QUILON

Specialists in Winding & Repairs of A. C. & D. C. Generators Motor converters, Transformers and Dynamos Etc, Etc.

# ഗാന്ധിവിജയം

— വൃകോദരൻ —

(തുടർച്ച)

എന്നിട്ടു മുണ്ടായതില്ലഹോ! സംതൃപ്തി
കുന്നിച്ചു കണ്ടവിവേകം ജനങ്ങളിൽ
ജീവിതത്തിൽ കൗതുകം തീൎന്നുപോയതായ്—
ദേവൻ തുറന്നു പറഞ്ഞു നിരാശനായ്
അന്ധകാരം കൊണ്ടു മൂടുമ്പോളിങ്ങൊരു
പൊൻതിരി മാത്രമെരിഞ്ഞാൽ ഫലംവരാ
ദുർമ്മതി മാരുടെ ദുഷ്ടസംഘത്തിനു
ധർമ്മമാണല്ലോ സഹിച്ചു കൂടാത്തു്
ഇന്നവിവേകമാണേതിലും ഭീകരം
നിന്ദ്യമായെന്തുള്ള വിവേകികൾ ക്കിഹ
അന്യനെ ക്കൊല്ലാനപഹരി ച്ചീടുവാൻ
പിന്നെ ദൈവത്തിനെ പ്പോലും പഴിക്കുവാൻ
മാതാപിതാക്കളെ മർദ്ദിക്കുവാനേതു
നാടും നഗരവും തീകൊളുത്തീടുവാൻ
മാനാഭി മാനങ്ങൾ മായ്ക്കുവാൻ ലോകത്തു
ദാന ധർമ്മങ്ങളരിഞ്ഞരിഞ്ഞീടുവാൻ
ഈ നിന്ദ്യ കൃത്യങ്ങളാൽ തൃപ്തിയോരാതെ
താനേ മരിക്കാൻ കഴുത്തറുത്തീടുവാൻ
ഇത്തര മോരോന്നു ചെയ്യും പിശാചിന്റെ
ശുദ്ധ സന്താനങ്ങളാണു വിവേകികൾ
ആറുമാസം തികഞ്ഞില്ലയിബ്ഭാരതം
കൂറിയ സ്വാതന്ത്ര്യ മാസ്വദിച്ചിട്ടഹോ
ആയിരം തൊള്ളായിരം നാല്പതെട്ടിവ
ചേരുന്നവത്സരം ജാനുവരിയിലെ
മുപ്പതു സൂര്യോദയം കണ്ട ഭൂമിയ—
ന്നല്ലേതരം മൂടികാർമേഖമണ്ഡലം
ദിങ്മുഖം വാടിക്കിടന്നു ചണ്ഡാനിലൻ
പൊങ്ങിയടിച്ചു മരങ്ങൾ മറിഞ്ഞിതെ
അന്നു കാലത്തെഴുന്നേററുടൻ ബാപ്പുജി
വന്നവരോടു നിരാശനായ് ചൊന്നിദം
"ആശനശിച്ചു നമുക്കിതാ ജീവിത
ക്ലേശങ്ങൾ തീൎന്നു യവനിക വീണുപോം"
പൂർത്തിയാക്കാനുള്ള കത്തിടപാടുകൾ
ഓർത്തവയെല്ലാം മുഴുവിച്ചു പുണ്യവാൻ
തൻ ചെറു മക്കളാം ബാലികമാരുമായ്
അന്തിനേരത്തു പ്രാർത്ഥിക്കുവാൻ പോകവേ
എന്തു ചൊല്ലേണ്ടു! കരയുവിൻ ഭക്തരേ
ഹന്ത! ആകല്പം നടുങ്ങും പിശാചതാ
നത്തുറാം ഗാഡ്സേ വിനാശകനങ്ങുവ—
ന്നെത്തി! വെടി! വെടി! ഹാ! വിധിവൈഭവം
രാമരാമേതിജപിച്ചു കൈകൂപ്പിയ—
പ്രേമ സമ്പൂർണ്ണൻ പ്രകാശമണിഞ്ഞിതേ
ഗാന്ധിജി! യാത്മീയനാം പിതാവേ, ലോക
ശാന്തിഗംഗക്കുള്ള ശക്തിപ്രവാഹമേ
അങ്ങയോടി ചെയ്തതെററിനു ശിക്ഷയായ്
ഞങ്ങളെ ന്നേററാൽ ശരിവരും സൽഗുരോ
ഈയിരുളിൽ കിടന്നിങ്ങനെ പാപികൾ—
ക്കായങ്ങു നേടിയ നേട്ടമോർത്താലവർ
ആവെടിയോർത്തോർത്തു നീറി നീറിത്തന്നെ
ജീവിതഭാരം വലിച്ചിഴക്കും ദൃഢം
ദേവ ദേവ! ജയിച്ചാലു മങ്ങാദർശ
ജീവിതത്തിൽ സ്വർഗ്ഗരാജ്യം ഭരിക്കുമേൽ.

ശുഭം


## സ്പെഷ്യൽ അജമാംസ രസായനം

നഷ്ടപ്പെട്ട ധാതുക്കളെ വീണ്ടെടുത്തു യുവത്വം നിലനിർത്തുന്നതിനു അത്യുത്തമം. റാത്തൽ ഒന്നുക്കു് വില രൂപാ 6 മാത്രം, വി. പി. യായി ആവശ്യപ്പെടുന്നവർ മൂന്നിലൊന്നു വില അഡ്വാൻസായി അയക്കേണ്ടതാണു്.

പി. എസ്. വൈദ്യശാല, മുല്ലയ്ക്കൽ, ആലപ്പുഴ.

# ആ പരമാർത്ഥം

എൻ. കെ. നായർ (ഓമല്ലൂർ)

രമേശനും സതിയും. അവരുടെ ഏകപുത്രനാണ് രഘു. അഭ്യസ്തവിദ്യനും സുമുഖനും അഭിമാനിയുമായ അവൻ നാട്ടുകാർക്കെല്ലാം ഒരു കണ്ണിലുണ്ണിയായിരുന്നു. പ്രതീക്ഷയുടെ പ്രാസാദം പടുത്തുകെട്ടി ആവൃദ്ധദമ്പതിമാർ നിലയുറപ്പിച്ചിരിക്കയാണ്. പ്രാപ്തിയ്ക്കും അതീതമായ തങ്ങളുടെ തീവ്രയത്നമൊന്നുമാത്രമാണ് അവനെ ഒരു ബീ. എസ്. സീ ബിരുദധാരിയാക്കിയതു്. ജീവിതത്തിലെ അത്യാനന്ദത്തിന്റെ ഒരു ആളിക്കത്തലായിരുന്നു അന്നത്തെ...അതെ– ആ ബിരുദധാരണദിനം ആ ദമ്പതികൾക്ക്. ഹോ! എനിക്കിനി ജീവിച്ചില്ലെങ്കിലും സാരമില്ല... ...ചരിതാർത്ഥയായി സതിപറഞ്ഞുപോയി. ഉള്ളിലൊതുക്കപ്പെട്ടിരുന്ന പ്രതീക്ഷകളുടെ പരിമിതിസ്വയം അറിയാതെ ഭർത്താവും എന്തെല്ലാമോ ചിന്തിച്ചിട്ടായിരിക്കണം മന്ദസ്മേരനായി ഇമകൾ അല്പസമയത്തേക്കു ചലിപ്പിച്ചുകൊണ്ടേയിരുന്നു. ഏകാന്തതയിലും അവയ്ക്കു് അവൻ മാത്രമായിരുന്നു ചിന്താസന്താനമായിരുന്നിരുന്നതു്. പരിമിതമായിട്ടുപോലും നയിക്കാൻ കഴിയാഞ്ഞ അവരുടെ ജീവിതഭൂമിയെ ഫലപുഷ്ടിപ്പെടുത്താൻ രഘുവും വെമ്പൽകൊള്ളുകയായിരുന്നു. മനുഷ്യത്വത്തിന്റെ മായാത്തമണം ആസ്വദിക്കാൻ, അതെന്തെന്നു മറവുള്ളവരെ മനസ്സിലാക്കാൻ......മാലിന്യത്തിന്റെ മാത്തട്ടിൽ സന്നിപതിക്കാതിരിയ്ക്കാൻ അയാൾ ആഗ്രഹിച്ചിരുന്നു. മനസ്സാക്ഷിയെമാനം കെടുത്തുന്ന മാർഗ്ഗങ്ങൾ അയാൾ ദർശിയ്ക്കാൻപോലും വൈമുഖ്യം പ്രദർശിപ്പിച്ചിരുന്നു. അകത്തു് ആററം ബോംബുനിറച്ചു് വെളിയിൽ അരുണാധരത്തിന്റെ ശോഭയെ അല്പവും വിടാതെ മുല്ലപ്പൂമൊട്ടുകൾപോലുള്ള പല്ലുകളേപരിമിതമായിമാത്രം അവതരിപ്പിക്കുന്ന ചില ചെറുപ്പക്കാരിൽനിന്നും രഘു വിദൂരസ്ഥനായിരുന്നു. സ്വമിത്രകളത്രാദികളേപരമാണുമാത്രം പോലും പരിഗണിക്കാതെ നിസ്വാർത്ഥസേവനതല്പരനെന്നു സ്വയം കൊട്ടിഘോഷിച്ചു് ആജീവനാന്തം ആണുങ്ങളേപ്പോലെകഴിയുന്ന ആളുകളേ രഘു സ്വപ്നത്തിൽപോലും കണ്ടിരുന്നില്ല. സന്ദർഭോചിതമായി സകലകാര്യങ്ങൾക്കും സ്വമനസ്സാക്ഷിയെ ബലികഴിച്ചു് സല്പുമാനെന്ന സല്പേരിനു് അർഹരാകുന്നവരും രഘുവുമായി സ്വർഗ്ഗവും പാതാളവും പോലുള്ള അന്തരമുണ്ടായിരുന്നു. പാരമ്പര്യത്തിന്റെ പഴങ്കഥയിൽ അയാൾ ഒരു ദുഷ്പാത്രമായിരുന്നിരിക്കാം. പാരമ്പര്യം പരിപൂർണ്ണമായി പരിശോധിച്ചാൽ നമുക്ക് ഒന്നു തീർത്തുപറയാൻസാധിക്കും. നാം മനുഷ്യരിൽനിന്നു ഉത്ഭവിച്ചമനുഷ്യരൂപികളാണെന്നുള്ള ആ പരമാർത്ഥം.

മകന്റെ ഭാവിയെപ്പററി മാതാപിതാക്കൾ ഓരോന്നും മന്ത്രിച്ചുതുടങ്ങി. തുടർന്നുപഠിപ്പിക്കാൻ അവർ തുലോം അശക്തരായിരുന്നു. പട്ടിണികിടന്നും പണംനേടാമെന്നു് അവർ ആലോചിച്ചു. പക്ഷെ മകൻ അതുസമ്മതിച്ചില്ല. മകനേ മരുമകളോടൊത്തുകാണുവാനുള്ള


## അംബികവിലാസം റെസ്റ്റാറന്റ്

മീനാംബികാ തിയേററിനു മുൻവശം, ആററിങ്ങൽ.

പൊതുജനങ്ങളുടെ സൗകര്യത്തെ ഉദ്ദേശിച്ചിട്ടുള്ള ഏകസ്ഥാപനം. ഏററവും രുചികരമായ പദാർത്ഥങ്ങൾ ഏവർക്കും തൃപ്തികരമായ രീതിയിൽ എപ്പോഴും തയ്യാർ

പ്രൊ: പി. ശങ്കരൻനായർ.

മോഹമാണു് സതിയ്ക്കു് ഇപ്പോഴുള്ള ആശ. രഘുവിനെസമീപത്തുവിളിച്ചിട്ടു് പലപ്രാവശ്യവും അവൾ പറയാറുണ്ടു്......"മോനേ! നിൻെറ പഠിത്തംകഴിഞ്ഞില്ല്യോ...ഇനീം ഒരു തമ്മന്തം ചെയ്യണം മോനു്. എനിയ്ക്കുനിങ്ങളേരണ്ടുപേരേംകൂടി ഒന്നുകണ്ടാൽമതിമോനേ" അതു് അവരുടെ അതിയായ ഒരാഗ്രഹമാണു്. "എനിയ്ക്കൊരുജോലികിട്ടിയിട്ടു്"...അമ്മയെ സമാധാനിപ്പിച്ചു.

എന്തെങ്കിലുമൊരുദ്യോഗം കിട്ടിയിട്ടു് തനിയ്ക്കുവേണ്ടിയുണ്ടായിട്ടുള്ള കടമെല്ലാം വീട്ടണം മാതാപിതാക്കളേ സംരക്ഷിയ്ക്കണം... മററുള്ളവരുടെമുമ്പിൽ ആണത്തമായി നില്ക്കണം...അഭിമാനത്തെ ആജീവനാന്തംപണയംവയ്ക്കരുതു്. ഈ വകയെല്ലാം രഘുവിൻെറ അന്തസ്ഥമായ അഭിലാഷങ്ങളാണു്. ഉദ്യോഗലബ്ധിയ്ക്കുവേണ്ടി അധികംയത്നം ചെയ്യേണ്ടിവന്നില്ല. സമീപസ്ഥലത്തുതന്നെ പുതുതായിസ്ഥാപിക്കപ്പെട്ട ഒരു ബാങ്കിൽ 70 രൂപാ ശമ്പളംലഭിച്ചു. ബാങ്കിലെ സർവ്വസമ്മതനും വിശ്വസ്തനുമാകാൻ രഘുവിനുകഴിഞ്ഞു.

അപ്പോഴും അമ്മയുടെ ആ ആശ...അതു് നിഴൽപോലെ അയാളെസ്വാഗതം ചെയ്തു. ആ അത്യാശയെപ്പററി സൂക്ഷ്മമായിമനസ്സിലാക്കാൻ കഴിഞ്ഞില്ല രഘുവിനു്.

തൻെറ പൊട്ടച്ചെററക്കുടിൽ യഥാവിധി നന്നാക്കുക. ഗൃഹാവശ്യങ്ങൾക്കുവേണ്ട ഉപാധികൾ വാങ്ങുക. മുതലായകാര്യങ്ങളിലാണു് രഘുവിൻെറശ്രദ്ധ ഇപ്പോൾ വ്യാപരിച്ചിരിക്കുന്നതു്. കാലക്രമേണ കടംമുഴുവൻ തീർക്കാൻ അയാൾക്കു സാധിച്ചു. മാതാപിതാക്കളുടെ അതിനുശേഷമുള്ള ആശകൾക്കു് ഐകരൂപ്യമുണ്ടായിരുന്നു. അവരുടെ അഭിലാഷങ്ങൾക്കു് അധീനനാവുകയെന്നതു് അയാളുടെ കർത്തവ്യമാണു്. മാതാവുവീണ്ടും ആ പഴയപല്ലവി ആവർത്തിച്ചുകൊണ്ടേയിരുന്നു പിതാവു് അവശതയിൽ അല്പാല്പം ആണ്ടുതുടങ്ങിയിരിക്കുന്നു.

(തുടരും)


# ധരണിവിലാസം ക്ലാത്തുസ്റ്റോർ

**കച്ചേരിജംഗ്ഷൻ—നെടുമങ്ങാടു്.**

നവീനരീതിയിലുള്ള ഇംഗ്ലീഷ് ഫ്രേബ്രിക്കും, സിൽക്കുതരങ്ങളും കോയമ്പത്തൂർ, സേലം, ബാംഗ്ളൂർ ബനാറീസ് സാരികളും കസവുതരങ്ങളും മററു നാടൻ തുണികളും മിതമായ വിലക്കു ഇവിടെ കിട്ടുന്നതാണു്.

പ്രൊ: എം. ബാലൻ.



# കൈലാസ് തേയില ഡിപ്പോ

**പേട്ട, തിരുവനന്തപുരം.**

ഊററു്, മണം, രുചി, ഇവയ്ക്കു് കൈലാസ്തേയില ഉപയോഗിച്ചു് സംതൃപ്തിയടയുവിൻ

പ്രൊ: വി. മാധവൻപിള്ള.

# ഇലക്ഷൻ പ്രാർത്ഥന

## ഇല്ലൂർ

വോട്ടറേ കൈതൊഴാം കേൾക്കമാറാകണം
പാവമാമെന്നെ ജെയിപ്പിച്ചിട്ടുക്കണം.
നേർവഴി വിട്ടും സഹായിപ്പാറാകണം
നേർവരും സ്ഥാനാർത്ഥി തോൽക്കമാറാക്കണം
സത്യം ഗണിക്കേണ്ട, വോട്ടൊക്കെക്കിട്ടണം
കൃത്യങ്ങൾ ചെയ്‌വതു കണ്ടറിഞ്ഞീടണം.
പെണ്ണിന്റെ കെട്ട്യോന്നു ജോലികൊടുത്തിടാം
കണ്ണല്ലാതെല്ലാമും പൊന്നാക്കിത്തീർത്തിടാം
റോഡുകൾ വെട്ടിക്കാം പാലങ്ങൾ തീർത്തിടാം
നാടാകെ ഞാനൊരു നാകമായ് മാററിടാം
വോട്ടറേ കൈതൊഴാം കേൾക്കമാറാകണം
പാവമാമെന്നെന്നീ കാക്കമാറാകണം.
അലവൻസും ബാററായും കിട്ടുന്ന കാര്യമാം
ഇലുമാലു കൂടാതെ ഞാൻ ജയിച്ചീടണം.
കാടുകൾ വെട്ടിത്തെളിക്കാം മിടുക്കപോൽ
വീടുകൾ നീളെ കരിഞ്ചന്തയാക്കിടാം
വീതിച്ചുനൽകാം പുതുവൽ ഞാൻ വേണ്ടോളം
വാദിച്ചുനിൽക്കാതെ വോട്ടുതന്നീടണം.

മെത്രാന്റെ കല്പന കേൾക്കമാറാകണം
ഗോത്രം മറക്കാതെ വോട്ടുതന്നീടണം.
പള്ളിക്കുതന്നിടാം പള്ളിക്കൂടങ്ങളെ
പള്ളപൊരിയട്ടെ വാദ്ധ്യാന്മാർക്കൊന്നുമേ
ദേശീകരണം കളഞ്ഞിടാമിക്ഷണം
നാശീകരിക്കാം പരിഷ്ക്കാരമൊക്കയും
വോട്ടറേ കൈതൊഴാം കേൾക്കമാറാകണം
പാവമാമെന്നെന്നീ കാക്കമാറാകണം.
ആറെസ്പിയല്ലഞാനയ്യെസ്പിയല്ലഞാൻ
ഡി എസ്പി തല്ലുന്ന കമ്യൂണിസ്റ്റല്ലഞാൻ
കേട്ടോതാൻ, മണ്ഡല പ്പീരവിതറിയ
പൂട്ടാമിക്കോൺഗ്രസ്സുമല്ലഞാൻ ചങ്ങാതി
പ്യൂവർ സ്വതന്ത്രൻ, കുതന്ത്രൻ, നെനത്താനെ
ഫേവർ ചെയ്യില്ലെങ്കിൽ മോശമെന്നോർക്കണെ
വോട്ടറേ കൈതൊഴാം.............

—


## സന്ദർശിക്കുവിൻ!

ഉഡുപ്പി സുബ്രഹ്മണ്യവിലാസംപോററി ഹോട്ടൽ&ലോഡ്ജിംഗ്

ബസ്സ് സ്റ്റാൻഡ്, കായംകുളം

ഡിന്നർപാർട്ടി, ഗാർഡൻപാർട്ടി തുടങ്ങിയ വിശേഷങ്ങൾക്കു സമീപിക്കുക
താമസത്തിനു സൗകര്യപ്രദമായ മുറികൾ വാടകയ്ക്കു കൊടുക്കപ്പെടും.

പ്രൊ; എൻ. കൃഷ്ണൻപോററി.

## ശ്രീ സുബ്രഹ്മണ്യ വിലാസം പോററി ഹോട്ടൽ

ബോർഡിംഗ് ആൻഡ് ലാഡ്ജിംഗ്

ബസ്സ് സ്റ്റാൻഡ് :: :: :: ചെങ്ങന്നൂർ.

ഊണും, കാപ്പിയും ഒന്നിനൊന്നു മെച്ചം എന്നാണനുഭവസ്ഥർ പറയുന്നതു.

പ്രൊ: എൻ. ലക്ഷ്മിനാരായണൻപോററി.

# ധന്വന്തരവൈദ്യശാല H. O. തൊടുപുഴ

ബ്രാഞ്ചുകൾ:—വാഴക്കുളം, പാലാ, എറണാകുളം, കോട്ടയം, വൈക്കം, പൂഞ്ഞാർ, തിരുവനന്തപുരം, തൃപ്പൂണിത്തുറ, പെരുമ്പാവൂർ, കോതമംഗലം മൂവാററുപുഴ, നാഗർകോവിൽ, കാഞ്ഞാർ, ചങ്ങനാശേരി, ആലപ്പുഴ, കൊല്ലം, ആലുവാ, പറവൂർ, പൊൻകുന്നം, തിരുവല്ല, തൃശ്ശൂർ, കോഴിക്കോട്, ചേർത്തല, മുണ്ടക്കയം, ഈരാററുപേട്ട, കുത്താട്ടുകുളം, പിറവം, മാവേലിക്കര, കായംകുളം, കൊട്ടാരക്കര, ആററിങ്ങൽ, നെയ്യാററിൻകര, മദ്രാസ്, കൊച്ചി, ഇടപ്പള്ളി, പന്തളം, തക്കല, പുനലൂർ, കിളിമാന്നൂർ, നെടുമങ്ങാട്.

★ **ച്യവനപ്രാശം ലേഹ്യം** റാത്തൽ 1-ന് 3-രൂപാ

ക്ഷീണശരീരങ്ങൾക്ക് ബലം, ആരോഗ്യം. ഇവകളെ വർദ്ധിപ്പിക്കുവാൻ വളരെ വിശേഷം. കാസം, ശ്വാസം, ജ്വരം, ഹൃദ്രോഗം, മൂത്രരോഗം, ശുക്ലദോഷം ഒച്ചയടപ്പ് രക്തവാതം, ഇവകളെ നശിപ്പിക്കുകയും, ശരീരകാന്തി, ബുദ്ധിശക്തി, ഓർമ്മശക്തി ഇവകളെ ഉണ്ടാക്കുകയും ചെയ്യും. ഒരുരൂപാ തൂക്കംമുതൽ രണ്ടുരൂപാ തൂക്കംവരെ ഉപയോഗിക്കാം.



കലാമണ്ഡലം കൃഷ്ണൻനയാർ

## പി. ആർ. ബിൽഡിംഗ്

എറണാകുളം റോഡ്—ആലുവാ.



## 127 ലെ സൂത്രകലണ്ടർ

കായകല്പം മാഹാത്മ്യം എന്ന ഔഷധ ബുക്കും ഇനാം?

എം. ജി. വൈദ്യർ

സിദ്ധൌഷധശാല—മണലൂർ T. C. S.



## പ്രത്യേക അറിയിപ്പ്

ഇഴജന്തുക്കളിൽ നിന്നും പേപ്പട്ടിമുതലായ ജന്തുക്കളിൽ നിന്നും വിഷം ഏററരോഗികൾ ഇന്നു നിരാശപ്പെടേണ്ട മൂന്നുനേരത്തെ ചികിത്സ കൊണ്ടു പരിപൂർണ്ണ സുഖംപ്രാപിച്ചു പഴയപടി ആരോഗ്യവാന്മാരായി പോകുമെന്നു ഞങ്ങൾ ഉറപ്പുപറയുന്നു പരീക്ഷിച്ചു നോക്കുവിൻ.

കരിയിലകുളങ്ങര കീരിക്കാട്ടു P. O.

വൈദ്യൻ M. K. ഗോവിന്ദൻ നമ്പൂതിരി.



സന്ദർശിക്കുവിൻ!

## ആസാദ്ഹോട്ടൽ

എവിടെ ——————?

പഴവങ്ങാടി : : തിരുവനന്തപുരം.



**ശ്രീ കൃഷ്ണഭവൻ ബോർഡിംഗ് & ലാഡ്ജിംഗ്**

ബോട്ടുജട്ടി : : ആലപ്പുഴ.

വിഭവസമൃദ്ധമായ ഭക്ഷണ പാനീയാതികൾ സുഖകരമായ വിശ്രമസങ്കേതം! മാന്യമായ നിലയിലുള്ള പെരുമാററം! അതാണു ഞങ്ങളുടെ വിജയമെന്നു അനുഭവസ്ഥർ പറയുന്നു.



കൊല്ലത്തു വന്നുചേന്നു * * * * *

## പുതിയതരം കുടകൾ

വളരെക്കാലം ഉപയോഗിക്കാമെന്നുള്ളതും വില കുറവുള്ളതും ഭംഗിയേറിയതുമായ പലതരം കുടകൾ വന്നുചേന്നിരിക്കുന്നു ഉടൻ അന്വേഷിക്കുക.

വി. കുട്ടപ്പൻപിള്ള, കുടവ്യാപാരം,

വടയാററുകോട്ട—കൊല്ലം.

കലാവേദി

# അഗസ്ത്യൻ ജോസഫ്

എന്താ പേരു പിടിച്ചില്ലായിരിയ്ക്കാം. 'അഗസ്ത്യനോ ഇതാരപ്പാ! സന്ന്യാസിമാരും നാടകത്തിലിറങ്ങിത്തുടങ്ങിയോ' എന്നായിരിയ്ക്കാം നിങ്ങളുടെ സംശയം. അതേ വിഷദൂഷിതമായിരുന്ന മലയാള നാടകവേദിയേ ഒന്നു ശുദ്ധീകരിയ്ക്കാനായി ഒരു സന്ന്യാസിയ്ക്ക് ഇറങ്ങേണ്ടിവന്നു. നിരവധി എതിർപ്പുകളേ സുധീരം നേരിട്ട്—പൂരപ്പാട്ടുകളേ പുല്ലുപോലെ ഗണിച്ച് അധഃപതിച്ച നാടകവേദിയേ ഉദ്ധരിയ്ക്കാൻ അദ്ദേഹം നമ്മുടെയിടയിലേക്കിറങ്ങിവന്നു.

അഭിനയസമുദ്രം മുഴവൻ ഈ ആഗസ്ത്യമഹർഷിയുടെ കൈക്കുമ്പിളിൽ ഒതുങ്ങിയിരിയ്ക്കയാണെന്നു പറഞ്ഞാൽ അതൊരത്ഭുതമല്ല. ആ സമുദ്രത്തിന്റെ കരയിലെത്തി 'ഗ്ലഗ്ലഗ്ല' ശബ്ദത്തോടെ വെള്ളം നക്കിക്കുടിച്ചുകൊണ്ടിരുന്ന മുൻഷിപരമുപിള്ളാദിശ്വാന വീരന്മാർ അദ്ദേഹത്തേ നോക്കി 'മാവോ മാവോ' എന്നു മോങ്ങുന്നതു് വെറും സ്വാഭാവികമാണു്. അവർക്കുകൂടി കുടിയ്ക്കേണ്ടവെള്ളം ഒരാൾ കയ്യിലൊതുക്കി ഉള്ളിലാക്കിയാൽ ഏതു പട്ടിയാണു കുരച്ചു പോകാത്തതു് ?

പട്ടിയെന്നു പറഞ്ഞപ്പോൾ കക്കൂസിന്റെ കാര്യവും ഓർത്തുപോകുന്നു. കഴിഞ്ഞ ഒരുലക്കം സരസനിൽ അഗസ്ത്യന്റെനേർക്ക് അമേദ്ധ്യപൂർണ്ണമായ വായിലൂടെ ചില ഓങ്കാരധ്വനികൾ പുറപ്പെടുവിച്ച ഒരു ശ്വാനനേ നിങ്ങൾക്കു കാണണോ ? നാടകപ്പുരകളുടെ അടുത്തുള്ള കക്കൂസുകളിലാണു് ആ നാണംകെട്ട വാലാട്ടി ജീവിയുടെ വിഹാരം। അതിനകത്തു മനുഷ്യർ കടക്കാൻ ധൈര്യപ്പെടുകില്ല. അതുകൊണ്ടു് പേടിയില്ലാത്ത അതിനു കുരയ്ക്കാം. പല്ലില്ലാത്തതുകൊണ്ടു് കടിമാത്രം ഉണ്ടാവുകില്ല. പല്ലുപോയതെങ്ങനെയെന്നുള്ള കാര്യം ഏതെങ്കിലും കള്ളുഷാപ്പിൽ അന്വേഷിച്ചാൽ അറിയാം. ഒന്നുപറയട്ടെ. ഈ കൊതികൊണ്ടു മുറുമുറുക്കുന്ന എച്ചിൽ വീപ്പവാസിയുടെ കുര അസഹ്യമാവുകയാണെങ്കിൽ നാട്ടുകാർ ഉലക്കയെടുത്തു് അതിന്റെ നടുവ് ഒടിച്ചിട്ടേക്കും. "എന്റെ ആഭ്യത്തേ..." എന്ന വീരസാഹസിക ചിത്രത്തിന്റെ നായകനായ ആ ജന്തുവിനേ ചൂലും ചിരവയുമായി പെണ്ണുങ്ങൾ ആക്രമിച്ചു എന്നും വരാം. കേരളസംസ്കാരത്തിൽ കരിയും ചെളിയും തേയ്ക്കുന്ന ആ തെറി ധുരന്ധരനേപ്പററി ഇത്രയുമെഴുതിയതുകൊണ്ടുതന്നെ ഈ തൂലിക അശുദ്ധമായിപ്പോയിരിയ്ക്കണം. ഇതിന്റെ നിബ്ബ് ഒന്നു കഴുകിയിട്ടുമാത്രമേ വീണ്ടും തുടരാൻ നിവൃത്തിയുള്ളു......

ശ്രീ. ജോസഫിന്റെ അഭിനയകുശലത മലയാളികൾ അറിയാൻ തുടങ്ങിയിട്ട് കാലം വളരെയായി. നാടകസ്റ്റേജിനുപററിയ വടിവുള്ള ശരീരഘടനയാണദ്ദേഹത്തിന്റേതു്. ഒതുങ്ങിയ ഒത്ത ഒരു ശരീരം. അത്രവളരെ സുന്ദരമല്ലെങ്കിലും ആകർഷകമായ മുഖം. ചൈതന്യമുള്ള

**DAMOO JEWELLERS**

(Opposit Mullakkal Temple Alleppey)

സ്വർണ്ണത്തിലും, വെള്ളിയിലും ആഭരണങ്ങൾ പരിഷ്കൃതരീതിയിൽ പരിപൂർണ്ണഉത്തരവാദിത്വത്തോടുകൂടി ഭംഗിയായി ചെയ്തുകൊടുക്കപ്പെടും.

പ്രൊ. കെ. ദാമോരൻപിള്ള

A.S.S. മാക്ക് നല്ലെണ്ണ

കണ്ണുകൾ. അഴകേറിയ ഒരു പൊടിമീശ. ഈ പ്രത്യേകതകൾ അഗസ്റ്റ്യനെ തിരിച്ചറിയാൻ ഉപകരിയ്ക്കും.

'നല്ലതങ്ക'യിലെ അഭിനയത്തോടെ ചലച്ചിത്രവേദിയിലും അദ്ദേഹം പേരും പെരുമയുമാൎജ്ജിച്ചു. എല്ലാവിധത്തിലും ഉയരാനും വളരാനും കഴിവുള്ളവനാണദ്ദേഹം.

അഗസ്റ്റീൻെറ 'സുപ്രഭ'യിലെ അഭിനയം ആരും അത്രവേഗംമറന്നുകളയുകയില്ല. അഗസ്റ്റീൻ ആ നാടകമേറെറടുത്തിരുന്നില്ലെങ്കിൽ അതിൻെറ കൎത്താവു് ഇത്രവളരെ പൊങ്ങുകയോ ഉയരുകയോ ചെയ്യുകയില്ലായിരുന്നു എന്നുള്ളതു് ഒരു സത്യമാണു്. പോകട്ടെ. തോളിലിരുന്നുകൊണ്ടു് ചെവികടിക്കുന്നവരേപ്പററി അനുകമ്പമാത്രമാണദ്ദേഹത്തിനു്.

മാവേലിക്കര എൻ. പൊന്നമ്മ, എസ്. ആർ. പങ്കജം തുടങ്ങിയ ഭയങ്കരികൾ അഗസ്റ്റീൻെറ സഹപ്രവൎത്തകകളാണു്. ഒരു സ്ത്രീയും പുരുഷനും ഒന്നു വൎത്തമാനംപറഞ്ഞാൽ—പോട്ടെ അറിയാതൊന്നു നോക്കിപ്പോയാൽ തന്നെ— ചാരിത്രലംഘനക്കുററമാരോപിയ്ക്കുന്ന കണ്ണിൽ ചോരയില്ലാത്ത പൊതുജനങ്ങളുടെ ദൃഷ്ടിയിൽ അഗസ്റ്റീൻ അകപ്പെട്ടുപോയെങ്കിൽ അതൊരതിശയമല്ല. സാധാരണ മനുഷ്യരെപ്പോലെ കുററങ്ങളും കുറവുകളുമുള്ള ഒരു സാധാരണക്കാരനാണദ്ദേഹം. ശുകബ്രഹ്മമഷിയാണെന്നു് അദ്ദേഹം അവകാശപ്പെടുന്നുമില്ല.

നടന്മാരുടെ രഹസ്യജീവിതത്തിൽ കയ്യിട്ടുവാരാതെ അവരുടെ കഴിവുകളെ മാനിയ്ക്കാൻ മലയാളികൾ പഠിയ്ക്കണം. അതു മാത്രമാണു് അവൎക്കുചെയ്യാവുന്ന ഏററവും വലിയ പ്രോത്സാഹനം.

ശ്രീ. അഗസ്റ്റീൻ ജോസഫ്—മലയാളികൾക്കു് അഭിമാനിയ്ക്കാവുന്ന ആ നല്ല നടൻ നമ്മുടെ നാടകലോകത്തിനു് ഒരു വലിയ നേട്ടംതന്നെയാണെന്നുള്ളതിൽ രണ്ടുപക്ഷമില്ല. ഇപ്പോൾ അദ്ദേഹം "വേലക്കാരൻ" എന്ന മലയാളചിത്രത്തിൽ അഭിനയിച്ചുകൊണ്ടിരിക്കയാണു്. കൂടുതൽ വിവരങ്ങൾ വേലക്കാരനിൽ നമുക്കു കാണാം.

---

കേന്ദ്രപാർലമെൻററ് സ്വതന്ത്രസ്ഥാനാൎത്ഥി ശ്രീ ജെ. ഈ. ഏ. പെരേരാക്കു വിജയസാദ്ധ്യതകൾ തെളിയുന്നു.

പരോപകാരിയും പൊതുജനസമ്മതനും പൊതുക്കാര്യ പ്രസക്തനുമായ ശ്രീ. ജെ. ഈ. ഏ. പെരരസ്ഥാനാൎത്ഥിയായി നിൽക്കുന്ന നിയോജകമണ്ഡലത്തിൽ മററു സ്ഥാനാൎത്ഥികളെ അപേക്ഷിച്ചു മി. പെരേരാക്കു വിജയസാദ്ധ്യതകൾതെളിഞ്ഞുകാണുന്നു. കൂടുതൽ വിവരം അടുത്തലക്കത്തിൽ.

---

ഗുഡ്ലക്ക് ബേക്കറി കുണ്ടറ

ഇവിടെ പലയിനം ബിസ്ക്കററുകൾ, ബന്നുകൾ, റോട്ടികൾ ഇവ എപ്പോഴുംതയ്യാർ.

പ്രൊ. എൻ. കേശവപ്പണിക്കർ.

# വോട്ടിനു നില്ക്കുന്നു

— വാമനൻ —

വോട്ടിനുകടിപിടികൂട്ടീടുന്നൊരുകാലംവന്നല്ലോ—
ചേട്ടകരം, ചൊക്കൻചോനനുമെല്ലാം—
സ്ഥാനാൎത്ഥികളായി.
ഊട്ടിയറപ്പൻ, പൂട്ടമറിപ്പൻ,—വോട്ടിനുനില്ക്കുന്നു
കൂട്ടപിടിക്കാൻ ചുഴിയൻ,കുഴിയൻചുറ്റിക്കൂട്ടുന്നു!!
പാർട്ടികളും ചില പങ്കാളികളും പാടുകിടന്നീടും
പട്ടണമാക്കാം ഗ്രാമമിതെ,ന്നവർ പട്ടാങ്ങും—
പറയും!
പുതുമഴയിൽ കുമിഴെന്നതുപോൽ പല പുതുപുതു
പാർട്ടികളും—
അതുമിതുമാദർശങ്ങളുമോതീട്ടണയും—
നികടത്തിൽ!
കൂട്ടത്തോടീക്കള്ളന്മാരെ കൂവിയയയ്ക്കേണം.
കൂട്ടുപിടിക്കരുതാരു,മിവററയ്ക്കോട്ടുംനൽകരുതേ!!
കണ്ടില്ലേനാ,മിതുവരെയുള്ളൊരുകാൺഗ്രസ്സിൻ-
ഭരണം
കണ്ടവയെല്ലാം തിണ്ടിന്മേലായ്, കഥയും—
കഴിയാറായ്!
"നാറണ"ഭരണം—നാറിയഭരണം—നാമെല്ലാം —
കണ്ടു—
കേറിയഭരണം—കേശവഭരണം—നാമെല്ലാം—
കാൺമൂ!!
കൗമുദിഭരണം—കൗശലഭരണം—കാണാൻ—
രസമില്ലേ—
കൗതുകമില്ലേ—"ബാല"നുമൊന്നുഭരിക്കാം=
നാളല്ലേ!!

"മണ്ഡല"വും കൊണ്ടോടിനടന്നവർ,—
മണ്ഡചിവീരന്മാർ—
'മന്ദംശങ്കര'മറിമായക്കാരെവിടെപ്പോയിപ്പോൾ
'മണ്ഡല'മെന്നൊരു"പാറാവളയ"മതെന്തിനു—
സൃഷ്ടിച്ചു—
അണ്ണന്മാരേ!നിങ്ങളെനന്നായറിയാംഞങ്ങൾക്ക്
കൈതവശാലികൾനേതാക്കന്മാർ,—
കാര്യം കാണ്മാനായ്=
കണ്ടതുപോലെ പ്രസംഗിച്ചീടും, കാലുകൾ—
മാറീടും!
"പൊതുജന"മെന്നതു"കഴുത"കളല്ലേ മേയ്ക്കാൻ
സുഖമല്ലേ—
പൊളിയെന്നുള്ളതു"പൊളിറ്റിക്സി"ൽ"പൊളിസി—
യാണല്ലോ!
ആരായാലും "കോരനുകുമ്പിളി,"ലെന്നേ—
പറയേണ്ടൂ!
ആഹാരം, തുണി,യിവയുടെ പ്രശ്നം,
കീറാമുട്ടികൾതാൻ
ആകെയുലഞ്ഞുകുലഞ്ഞ "വ്യസ്ഥിതി"മാറുന്നി—
ല്ലെങ്കിൽ—
ആക്രോക്കോട്ടുകൊടുത്താലെന്തേ—ആശയ്ക്കി—
നിയും വഴിയെന്തേ!
നാട്ടാരേ'നാംനമ്മുടെവോട്ടുകൾനൽകീടരുതാർക്കും
ആട്ടിത്തുപ്പിത്താറ്റിയയയ്ക്കണ,മതുതാൻ
ചുണയിപ്പോൾ!!

---


**കദളിരസായനം** മൂത്രത്തിൽക്കൂടി ആദ്യം വെള്ളനിറത്തിലും വർദ്ധിച്ചാൽ മഞ്ഞനിറത്തിലും മുറിപ്പോയാൽ രക്താം കലൎന്നും പ്രായേണ ദുൎഗ്ഗന്ധത്തോടുകൂടിയും സ്രാവം ഉണ്ടാകാറുണ്ട്. ഇതുനിമിത്തം ജീവിതംതന്നെ ഭാരമായിത്തീൎന്നു നരകദുരിതം അനുഭവിക്കുന്നവൎക്ക് ഇതു ഒരു ദിവ്യൌഷധമാണ്. വില റാത്തൽ ഒന്നുക്കു രൂപാ 6.

മാനേജർ, ശ്രീ ആത്രേയാശ്രമം
ആയുർവേദ വൈദ്യശാല, കൈതമുക്ക്, തിരുവനന്തപുരം.

# തി: കൊ: നേതാ. 127 ലേ ജാതകഫലം

— മൂത്ത കുഞ്ഞുകുഞ്ഞുകുഞ്ഞു കണിയാരു് —

(തുടർച്ച)

**ഏ. ജെ. ജോൺ.**

രാഷ്ട്രീയത്തിൽ നിന്നും പരിപൂർണ്ണമായി പിന്മാറിയേക്കും. ഒരു ബാങ്കുതുടങ്ങാനുള്ള ലക്ഷണവും കാണുന്നുണ്ടു്. കഷണ്ടി ഒന്നുകൂടി വലുതാകും. എപ്പോഴും കടലാസ്സും പെൻസിലുമെടുത്തു് രാഷ്ട്രീയത്തിലിറങ്ങിയതിന്റെ ലാഭനഷ്ടക്കണക്കുകൾ കൂട്ടിക്കൊണ്ടിരിയ്ക്കും. വീട്ടിൽ സ്വൈരം കിട്ടുകില്ല. ആരോഗ്യമുള്ള ഭാര്യ എപ്പോഴും വഴക്കിടുകയും സ്വൈരക്കേടുണ്ടാക്കുകയും ചെയ്തുകൊണ്ടിരിയ്ക്കും. ചന്ദ്രൻ പന്ത്രണ്ടാമടത്തു നില്ക്കുന്നതിനാൽ അർശ്ശസ്, മൂലക്കുരു ആസ്മാ എന്നിവ ഫലം.

**കുമ്പളത്തു ശങ്കുപ്പിള്ള**

ക്ഷേത്രകാര്യങ്ങളിൽകൂടുതൽശ്രദ്ധിയ്ക്കും.ഭക്തിവർദ്ധിയ്ക്കും. കുജനും വ്യാഴവുംകൂടിസംയോഗമുള്ളതിനാൽ സന്താനാഭിവൃദ്ധി, കുടവയറ് ഇവ ഫലം. കാൺഗ്രസ്സിനു് കുറേ സീററുകളുണ്ടാക്കിക്കൊടുക്കും. തെരഞ്ഞെടുപ്പിനു് സ്വന്തം നാട്ടിലേനില്ക്കാവൂ. അല്ലെങ്കിൽതോററുപോകും. തല്ലുകിട്ടുകയും കൊടുക്കുകയും ചെയ്യാനുള്ള യോഗമുള്ളതുകൊണ്ടു് കാൽനടയായി അധികം നടക്കരുതു്. കാറിലേ യാത്രചെയ്യാവൂ. ആരോഗ്യവും സ്വഭാവവും അടിയ്ക്കടി വഷളായികൊണ്ടിരിയ്ക്കും. ചീത്ത കണ്ടമാനംകേൾക്കും. കൈക്കൂലി വാങ്ങും. ശിപാർശകളുമായി മന്ത്രിമന്ദിരങ്ങളിൽ കേറിയിറങ്ങിനടക്കും.

**ററി. വി. തോമസ്**

ജയിലിൽകിടക്കാനുള്ള യോഗം ആറുമാസത്തേക്കുകൂടിയുണ്ടു്. പിന്നീടു് സ്വീകരണങ്ങളും പണക്കിഴികളും കുറേയേറെക്കിട്ടും. ഗവൺമെൻറിനേ കണ്ടമാനം ചീത്ത പറയും. പോലീസുകാരുടെ കൈകൾക്കു് വേദനയുണ്ടാക്കും. വീണ്ടും നീണ്ട ഒരു ജയിൽ ജീവിതമുണ്ടു്. പലപ്പോഴും ആവേശംകൊണ്ടു് തെററുചെയ്തുപോകും. ഒരു സംബന്ധമാലോചന വരുമെങ്കിലും അതു തട്ടിക്കളയും.

**ആർ. സുഗതൻ**

അർശ്ശസുരോഗം വിട്ടുമാറാതെയുണ്ടാകും. പട്ടിണികിടക്കും പെണ്ണുങ്ങളുടെ നിഴൽ കണ്ടാലുടൻ പേടിച്ചോടും. വെളുത്തവസ്ത്രം ധരിയ്ക്കാൻ സാധിയ്ക്കയില്ല. ജയിലിൽ കുറേക്കൂടികിടക്കുന്ന മട്ടുണ്ടു്. ഇറങ്ങിയാലും അധികകാലം സ്വാതന്ത്ര്യം കിട്ടുകില്ല. പശ്ചിമദിക്കിൽ ലനിൻ, സ്റ്റാലിൻ എന്നീ ഗ്രഹങ്ങൾ സംക്രമിയ്ക്കുന്നതിനാൽ ലാത്തിയടിയും ചൊറി ചിരങ്ങാദികളും ഫലം. പല്ലു് അല്പംകൂടി ഉന്തിവരും. തെറി പറയുന്നതു കുറേകുറയ്ക്കണം.
അല്ലെങ്കിൽ ഒന്നു രണ്ടു് പോയേക്കാനും മതി. കുറച്ചു മനുഷ്യനാകാൻ നോക്കണം. ആരോഗ്യം സൂക്ഷിയ്ക്കണം. ആദിത്യദശയാകയാൽ മൂട്ടകടി കണ്ണുകടി എന്നിവ ഫലം.


## ആതുരാരോഗ്യ സംവർദ്ധിനി ആര്യവൈദ്യശാല

ഫാക്ടററിവാർഡ് * * ആലപ്പുഴ.

ജോതി ശ്രീ. കെ. ജി. ആണ്ടിവൈദ്യരുടെ സിദ്ധൌഷധങ്ങളിൽ "അജമാംസ രസായനം"

നഷ്ടപ്പെട്ടു പോയധാതുക്കളേ വീണ്ടെടുക്കുവാനും ദേഹാരോഗ്യത്തിനും അത്യുത്തമം.

റാത്തൽ ഒന്നുക്കു വില 10 രൂ 12 ണ.

പി. ററി. പുന്നൂസ്

എന്നും അണ്ടർഗ്രൗണ്ടിൽതന്നെ കാപ്പിയും കഞ്ഞികുടിയും. സ്വന്തം ഭാര്യയായ റോസമ്മ വല്ലാതെ സങ്കടപ്പെട്ടും. ഭാര്യയുടേയും ഭർത്താവിൻേറയും പ്രേമം ഉപയോഗിയ്ക്കാതെയിരിയ്ക്കുന്നതുകൊണ്ടു് വളിച്ചുപോകാനിടയുണ്ടു്. വളിപ്പു മാറണമെങ്കിൽ മധുവിധു കഴിഞ്ഞിട്ടില്ലാത്ത ഇക്കാലത്തു് ചൂടുള്ള…നിങ്ങൾ കിട്ടേണ്ടിയിരിയ്ക്കുന്നു. തെരഞ്ഞെടുപ്പിനു് സ്ഥാനാർത്ഥിയായി നിൽക്കയും ഫസ്റ്റ്ക്ലാസ്സിൽ ഡിസ്റ്റിൻക്ഷനോടുകൂടി ജയിയ്ക്കയുംചെയ്യും. വെയിലത്തു് നടന്നലയുന്നതുകൊണ്ടു് തലവേദനയും ഹൃദയവേദനയും ഫലം.

മർക്കോസ്

വസ്തീയത്തിലാണു് കുളിയും കാപ്പികുടിയും ഉറക്കവുമെല്ലാം. കോട്ടയത്തുനിന്നാൽ വോട്ടുകിട്ടും. മന്ത്രിയോഗം ഇല്ല. കപ്പലണ്ടി ധാരാളമുപയോഗിയ്ക്കും. തൊടുകളഞ്ഞേ തിന്നാവൂ. അല്ലെങ്കിൽ വയററിളക്കം പിടിയ്ക്കും. മുൻസിപ്പൽ ജീവനക്കാരുമായി വലിയ അടുപ്പത്തിലാണു്. കള്ളനോട്ടുമായി ബന്ധമുണ്ടാകയില്ല. ഇക്കൊല്ലം ചോറിനുമുട്ടുണ്ടാകയില്ല. സ്നേഹിതന്മാർ പോലുംവെറുക്കും. കാശു ചിലവാക്കാൻ വളരെ മടിയുണ്ടാകും. ദിവസവും പള്ളിയിൽ ഓരോ മെഴുകുതിരി കൊളുത്തണം എന്നാലേ അപസ്മാരം മാറൂ.

ബാലകൃഷ്ണൻതമ്പി

കാൺഗ്രസ്സിലെ ഏററവും വഷളായ നേതാവാകകൊണ്ടാണു് ഒടുവിൽ ഫലംപറയുന്നതു് ആരു് അധികാരത്തിൽ വന്നാലും അവരുടെ മുററമടിയ്ക്കുന്ന ചൂലായി മാറാനുള്ള വാസനയുണ്ടു്. എല്ലാവരേയും ഇഷ്ടമാണു്. പക്ഷേ എല്ലാവർക്കും പുച്ഛവും വെറുപ്പുമാണു്. കാര്യം സാധിയ്ക്കാൻ കഴുതയുടെ കാലും പിടിയ്ക്കും. നാക്കു വളച്ചാൽ വിഢിത്തമേ എഴുന്നള്ളിക്കൂ. പണമാണുദൈവം. കമ്യൂണിസ്റ്റെന്നു കേൾക്കുമ്പോൾ ഓക്കാനവും ഛർദ്ദിയുമാണു്. അതുകൊണ്ടു് വളരെ ക്ഷീണിയ്ക്കുന്ന ലക്ഷണമാണു കാണുന്നതു്. "കഷണ്ടിസംഹാരം" ലേഹ്യം വാങ്ങി ദിവസവും സേവിയ്ക്കണം.

## ഏജൻസിനിയമനം

ഇലന്തൂർ, ഇലവുംതിട്ട, തുമ്പമൺ, കോന്നി, വള്ളിക്കോടു, കൈപ്പട്ടൂർ, കോട്ടയം ഓമല്ലൂർ, വടശ്ശേരിക്കര, റാന്നി പെരുനാടു, കോഴഞ്ചേരി, പത്തനംതിട്ട, എന്നീസ്ഥലങ്ങളിലെ വികടകേസരിയുടെ ഏജൻറായി ഓമല്ലൂർ പുലിത്തിട്ട വീട്ടിൽ ശ്രീ. പി. ആർ. ഗോപാലൻനായരെ നിയമിച്ചിരിക്കുന്നു. മാന്യ പത്രബന്ധുകൾ ഞങ്ങളുടെ ഏജൻറിനു കഴിയുംവിധം സഹായസഹകരണങ്ങൾ ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

പത്രാധിപർ.


## സ്ഖലന നിവാരണി

യുവലോകത്തിനു അനുഗ്രഹീതമായ ഒരു ദിവ്യൗഷധം

മൂത്രത്തിനു മുമ്പോ പിമ്പോ, നൂലുപോലെയൊ, തുള്ളിതുള്ളിയായോ ഇന്ദ്രിയം പോകുക, മലവിസർജ്ജനത്തിൽ ശക്തിയായി മുക്കുകനിമിത്തം ശുക്ലം വാർന്നുപോകുക, സ്വപ്നംകണ്ടോ, കാണാതെയോ ഉറക്കത്തിൽ അറിഞ്ഞോ അറിയാതേയോ ഇന്ദ്രിയം സ്ഖലിക്കുക, അരിമാവു കലക്കിയ രൂപത്തിൽ മൂത്രത്തിൽ കലന്നു് ഇന്ദ്രിയം പോകുക സ്ത്രീകളെ വിചാരിക്കുകയോ തൊടുകയോ ചെയ്താൽ പെട്ടന്നു് ഇന്ദ്രിയം സ്രവിക്കുക ഇങ്ങനെ ഇന്ദ്രിയ സംബന്ധമായുണ്ടാകുന്ന നിരവധി സ്ഖലനരോഗങ്ങളെ 2 ആഴ്ചകൊണ്ടു് പരിപൂർണ്ണമായി ശമിപ്പിക്കുന്നതിനു് ഞങ്ങളുടെ സ്ഖലന നിവാരണി തികച്ചും ഫലപ്രദമെന്നു് ഞങ്ങൾ ഉത്തരവാദിത്വത്തോടുകൂടി ഉറപ്പു് പറയുന്നു.

രണ്ടു ആഴ്ചത്തേക്കു് ഉള്ള ഡപ്പി 1ക്കു് 4ക. 10ണ. പാക്കിംഗ് & പോസ്റ്റേജ് 0-14-0

വി. പി. യായി ആവശ്യപ്പെടുക. മാനേജർ, S. D. "ഫാർമസി," നാഗമഹാൾ, ആലപ്പി

# ചുണ്ടയ്ക്കായ്ക്കു വഴുതനങ്ങാ

— സഖാവ് കോദണ്ഡപണ്ഡിതർ —

(വായനക്കാരേ! നിങ്ങളുടെ കൂട്ടത്തിൽ ബുദ്ധിയുള്ള മണ്ടന്മാരുണ്ടെങ്കിൽ ചുണ്ടയ്ക്കാതന്നിട്ടു വഴുതനങ്ങാ വാങ്ങിയ്ക്കുക. ഏററവും നല്ല ചുണ്ടയ്ക്കായ്ക്കു സമ്മാനമായി വികടകേസരി സർക്കാരിൽനിന്നു് 25 വെള്ളിരൂപാ 17ണ. 13സ വസ്തു ഈടിന്മേൽ കടമായി നൽകുന്നതാണു്.)

മുൻഷി പരമുപിള്ള C/o പബ്ളിക്ക്കക്കൂസ് കോട്ടയം.

നാടകക്കാരികൾ എന്നേക്കാണുമ്പോൾ പൃഷ്ഠംതിരിഞ്ഞുനിന്നുകളയുന്നു. അതെന്താണു്? എനിയ്ക്കു സൗന്ദര്യമില്ലാത്തതുകൊണ്ടോ അതോ സരസനിൽ തുടർച്ചയായി അവരേപ്പററി കമിഞ്ഞുനാറുന്ന തെറി എഴുതിപ്പിടിപ്പിയ്ക്കുന്നതു കൊണ്ടോ?

ഉ: രണ്ടുകൊണ്ടുമാണു്. രണ്ടു കൊണ്ടാൽ തെറി പാടുന്ന ഏർപ്പാടു് തനിയേ നിത്തിക്കൊള്ളും. അവർ പൃഷ്ടം തിരിഞ്ഞുനിൽക്കുന്നതിന്റെ രഹസ്യം ഞങ്ങൾ പ്രത്യേകംവിശദീകരിയ്ക്കണമെന്നുണ്ടോ?

ടി. കെ. നാറാണപിള്ള (മുൻമന്ത്രി തിരു:)

ഞാൻ ഒരു ധൂമകേതുവാണെന്നും പറഞ്ഞു് കാൺഗ്രസ്സുകാർ എനിയ്ക്കൊരു സ്ഥാനവും തരുന്നില്ല. ഒന്നു ചോദിയ്ക്കട്ടെ. വികടകേസരി ആഫീസിൽ വല്ല വേക്കൻസിയുമുണ്ടോ?

ഉ: ഇന്റർവ്യൂന ക്ഷണിയ്ക്കുന്നു. ആ കുട്ടിക്കുടവയർ ചവററുകുട്ടയുടെ ഉപയോഗത്തിനു കൊള്ളിയ്ക്കാമോ എന്നുനോക്കട്ടെ.

പത്രോസ് ഉട്ടാക്കമണ്ട്.

പത്രാധിപക്കു വയസ്സെത്ര? എത്ര തൂക്കമുണ്ടു്? ഭാര്യയുടെ പേർ? സഹോദരിമാരുണ്ടോ?

ഉ; ഈ ചോദ്യം'കൗമുദി'യ്ക്കയയ്ക്കൂ. ഇവിടെ ഇതിനു തീരെ ചെലവില്ല.

കെ. എൻ. ചങ്കുണ്ണിപ്പിള്ള. സ്വരാജ് വണ്ടിയാപ്പീസ്.

പൊതുതെരഞ്ഞെടുപ്പിനു് കത്തോലിയ്ക്കുന്മാർ എന്നേ തോല്പിയ്ക്കുന്ന മട്ടാണു്. പിന്നെ എന്നേക്കൊണ്ടു് എന്തുപയോഗമാണു്.?

ഉ: രണ്ടുവീൽ ഘടിപ്പിച്ചാൽ ഒരു ചക്കടാവണ്ടിയായി ഉപയോഗിയ്ക്കാം.

മിസ്സ്. ആന ജോസഫ് എറണാകുളം.

സ്ത്രീയ്ക്കു പാതിവ്രത്യം വേണ്ടാ എന്നു പുരോഗമന സാഹിത്യകാരന്മാർ പറയാൻ കാരണമെന്തു്?

ഉ: പുരോഗമന സാഹിത്യകാരന്മാർ എല്ലാവരും അങ്ങനെ പറയുന്നുണ്ടോ? അവരുടെ നേതാവായ 'മുണ്ടശ്ശേരി' മാത്രം പറഞ്ഞേക്കും.

ജയമോഹൻ ടാക്കീസ്! എവിടെ! അഞ്ചൽ.

നവീന സജ്ജീകരണം. പുതിയപുതിയ പടങ്ങൾ ഇവിടെ പ്രദർശിപ്പിച്ചുവരുന്നു. തിയേററർ ഉടമസ്ഥൻ ശ്രീ. ഗോപാലപിള്ള. പൊതുജനങ്ങളുടെ കണ്ണിലുണ്ണിയാണു്. അതാണു ജയമോഹൻ ടാക്കീസിന്റെ വമ്പിച്ചവിജയം എന്നാണുനാട്ടുകാരുടെ ഏകകണ്ഠമായ അഭിപ്രായം.

ദിവ്യശ്രീ.എ.എം.തോമ്മാച്ചൻ സ്പീക്കർ തിരു.

സ്പീക്കറന്മാരേ 'കുക്ഷിരഫീതിൻ' എന്നു വിളിയ്ക്കാൻ കാരണമെന്തു?

ഉ: ആ ചോദ്യം അനുവദിയ്ക്കുന്നില്ല.

ചന്ദ്രിക; കൗമുദിയാഫീസ് പേട്ട.

എൻെറ പ്രാണനാഥനേക്കാൾ സുന്ദരനും സമർത്ഥനുമായി ഒരാൾ ലോകത്തുണ്ടോ എന്നു ചോദിച്ചപ്പോൾ അദ്ദേഹം 'ഇല്ല തങ്കം' എന്നു പറഞ്ഞു് ഒന്നു ചിരിയ്ക്കുകയാണുണ്ടായതു്. നിങ്ങളാണെങ്കിൽ എന്തുത്തരം പറയും.

ഉ: 'ഉണ്ടു തങ്കം' കരിങ്കുരങ്ങ് എന്നു്.

കരുവേലിത്തറ ചാക്കോ കോട്ടയം.

സഖാവു് കോദണ്ഡപാണ്ഡിരരെന്നോ? അപ്പോൾ നിങ്ങളൊരു കമ്യൂ......

ഉ. ച്ഛീ! പതുക്കെപ്പറയെടോ. ഗവണ്മെൻ്ററിഞ്ഞാൽ ഉടനേ ഒരിടിവണ്ടിയ്ക്കു് ഓർഡർ കൊടുക്കുകയായി.

ഏലിയാമ്മ (വയസ്സു് 18)കൊല്ലം.

താങ്കൾക്കു സ്ത്രീകളേ ഇഷ്ടമാണോ ?

ഉ. അല്ല പക്ഷേ അവരുടെ താരുണ്യവും സൗന്ദര്യവും ഇഷ്ടമാണു്.

പി. റ്റി. ചാക്കോ കോട്ടയം.

ഞാൻ മുത്തുതെരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിയായി നിൽക്കുന്നതു് എൻെറ ഭാര്യയ്ക്കിഷ്ടമില്ല. അതെന്താണു്?

ഉ. നിങ്ങൾ ഒരു സ്ഥാനാർത്ഥിയായി നിന്നു നോക്കു. അതവൾക്കിഷ്ടമാവും.

[ഇത്തവണത്തേ ഒന്നാം സമ്മാനം രണ്ടായി മുറിച്ചു് 'ചന്ദ്രിക പേട്ടയ്ക്കും. ഏലിയാമ്മ കൊല്ലം'ത്തിനും നൽകുന്നു. ചന്ദ്രിക ശരിയായ മേൽവിലാസവും ഫോട്ടോയുമയയ്ക്കണം. ഏലിയാമ്മ നേരിട്ടും വരണം. അല്ലെങ്കിൽ സമ്മാനം ക്യാൻസലായിപ്പോകുന്നതാണു്.]

---

അടുത്തലക്കത്തിൽ

## മന്ത്രിയാകണ്ടേ?

---

VIJAYA MOHAN PRESS
NEDUMANGAD

ഞങ്ങളുടെ മുദ്രാലയത്തിൽ, മലയാളം, തമിഴ്, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ എല്ലാവിധ അച്ചടി വേലകളും എത്രയും ഭംഗിയായും കൃത്യസമയത്തും ചെയ്തു കൊടുക്കുന്നതാണു്. ബയിൻറിംഗ് സംബന്ധമായി അക്കൗണ്ടു ബുക്കുകളും, മററും ചെയ്യുന്നതിനു് ഏററവും നവീനരീതിയിൽ സജ്ജീകരിച്ചിരിക്കുന്നു.

മാനേജർ.

# സഞ്ചാരവീഥി

— സഞ്ചാരി —

തിരുവനന്തപുരം:— കഴിഞ്ഞലക്കത്തിൽ അട്ടക്കുളങ്ങര സ്കൂളിലെ ഒരു ഭാഗവതർസാറിണിയേകുറിച്ചു ചേർത്തിരുന്നവാർത്ത സ്വന്തം അന്വേഷണത്തിൽ അടിസ്ഥാനരഹിതമാണെന്നു അറിയുന്നു. മേലാൽ ഇതുപോലുള്ള ന്യൂസുകൾ എഴുതി അയക്കരുതെന്നു ലേഖകനെ താക്കീതു ചെയ്തുകൊള്ളുന്നു. കണ്ണാശുപത്രിയിലെ കുഴപ്പങ്ങൾക്കു അല്പം കുറവുണ്ട്. ഷേക്കുമൈതിൻ (കണ്ണാടി) അശുപത്രിജോലിക്കുപുറമെ മററു പല ജോലികൾകൂടിഉള്ളതുകൊണ്ടു പാവം പരുങ്ങലിലാണ്. അടുത്തലക്കത്തിൽ ഹസ്സൻ മരയ്ക്കാരുടെ എക്സറെ പരിശോധന.

ഉള്ളൂർ:— കഴിഞ്ഞലക്കത്തിൽ ഒരു വിദ്യാർത്ഥിനി (തങ്കമ്മ ലക്ഷ്മിയേ) പററി ചേർത്തിരുന്ന വാർത്ത അടിസ്ഥാനരഹിതമാണെന്നും. ടി വാർത്ത അവാസ്ഥവമാണെന്നുമറിയുന്നതുകൊണ്ടു ലേഖകനു 3 രൂപ 12 ണ. പിഴയിട്ടിരിക്കുന്നു.

(വി. കേ. പ)

കൊല്ലം:— കഴിഞ്ഞലക്കത്തിൽ മുൻസിപ്പൽ ഹഡ് ഇൻസ്പെക്ടർ മി. ഭാസ്ക്കരനെപ്പററി ചേർത്തിരുന്ന വാർത്ത അടിസ്ഥാനരഹിതമാണ്. മുൻസിപ്പൽ ഓവർസിയർ ഒരു കുട്ടൻ പിള്ള തോട്ടികളിൽ നിന്നും നക്കാപിച്ചാ വാങ്ങുന്നതായി ചില പ്രാസംഗികന്മാർ പ്രസംഗിച്ചു നടക്കുന്നു. മെയിൻ റോഡിൽ മി. പത്മനാഭനാചാരിയുടെ സ്വർണ്ണക്കടയിൽ വിവിധതരം ഉരുപ്പടികൾ ധാരാളം വന്നു നിറയുന്നെങ്കിലും ഒരു ദിവസംകൊണ്ടു ചിലവഴിയുന്നുണ്ട്. അന്നപൂർണ്ണാലയം അന്നപൂർണ്ണാലയമായിത്തന്നെ കഴിയുന്നു. ഇലക്ഷൻകാരുടെ രാത്രി കാലങ്ങളിലെ ഇലക്ഷൻ പ്രചരണം പൊടിപ്പനാകുന്നുണ്ട്. മോഡേൺ ഹോട്ടൽ യാത്രക്കാരുടെ സുഖവാസസ്ഥലമാണ്. കടപ്പാക്കട ഒരു മുതലാളി രഹസ്യം വരുന്നു. ചക്കാത്തുവായനക്കാരുടെ ലിസ്ററ് അടുത്തതിൽ. പരോപകാരിയും ദാനശീലനുമായ ശ്രീ. എം. പി. കൃഷ്ണൻ വൈദ്യരുടെ ചികത്സാപാടവത്തിനെ കുറിച്ചു ഒന്നും പറയേണ്ടതില്ലല്ലോ? പോലീസ് ഇൻസ്പെക്ടർ മി. രാമനാഥൻെറ വരവിൽ ററൗണിനു ഒരു ഉണർവ്വുവീണിട്ടുണ്ട്.

മയ്യനാട്ട്:— ശ്രീകൃഷ്ണവിലാസം ഫാർമസി ഒന്നിനൊന്നു മെച്ചം തന്നെ. വായനക്കാർവികടകേസരിയെക്കൂടി ഗൗനിക്കണേ!

പരവൂർ:— കമ്പോളവും ഒരു യക്ഷിയും ബലേഭേഷ്. ആനന്ദവിലാസം നായർ ഹോട്ടൽ അഭിവൃദ്ധിയിൽ തന്നെ. ചക്കാത്തുവായനക്കാർ ഇവിടെ ധാരാളം. കങ്ങഴ സ്ഥലത്തെ വികടകേസരിയുടെ ഏജൻറായി പി. കെ. കൃഷ്ണനെ നിയമിച്ചിരിക്കുന്നു.

ബാംബേ:—തിരുവല്ലാമറിയാമ്മയുടെവരവിൽ പലക്കും സന്തോഷമുണ്ട്. വികടകേസരിയുടെ സ്ഥലത്തെ ഏജൻറായി K. C. Bros 12 നെ നിയമിച്ചിരിക്കുന്നു.

പത്തനംതിട്ട:— രാധാടാക്കീസ് കസ്സേരസി നുപകരം ഉപയോഗിക്കാൻ കൊള്ളാം. തിയേ

പുനലൂർ ചന്ദ്രായിൽ 127 വൃശ്ചികം 22-ാംനു-

" വിജയഭേരി "

എന്ന സംഗീതനാടകം നടത്തപ്പെടുന്നതാണ്

മെ. അഗസ്റ്റിൻ ജോസഫ്, മാവേലിക്കര

എൻ. പൊന്നമ്മ, കെ. പി. രാമൻപിള്ള ആൻറ് പാർട്ടി.

Cont. N. A Pillai

## അറിയിപ്പ്

വികടകേസരിയുടെ ഓർഗനൈസറായിരുന്ന ആററിങ്ങൽ അവനവഞ്ചേരിഗിരിജാലയം മി. പി. ഗോവിന്ദനെ തൽസ്ഥാനത്തുനിന്നും പിരിച്ചുവിട്ടിരിക്കുന്നതിനാൽ മി. പിള്ളവശം കൊടുക്കുന്ന പണങ്ങൾക്കു ഞങ്ങൾ ഉത്തരവാദിയല്ല.

പത്രാധിപർ

ററിലെ ചില ഇല്ലുമാലുകം വിശദമായി അടുത്തതിൽ. അന്നപൂർണ്ണാലയം ഭംഗിയായി നടക്കുന്നു. മൃഗആശുപത്രി ഡാക്ടർ അല്പം മൃഗമദാദിരസായനം കഴിക്കേണ്ടതാണ്. മി. മാപ്പിളമൈതീൻ രാവുത്തരുടെ റേഷൻ വിതരണം സത്യസന്ധതയിലും കൃത്യനിഷ്ഠയിലും തന്നെ. ഒരു വാദ്ധ്യായനിയുടെ വഴിപിഴച്ചനയം പറയട്ടോ? ചക്കാത്തുവായനക്കാർ ആവശ്യത്തിലധികമുണ്ട്.

കോട്ടയം:— ആശുപത്രിയിലെ ചേർത്തലക്കാരി ഒരു നേഴ്സ് അടിക്കടി ആലപ്പുഴക്കു പറക്കുന്ന രഹസ്യം അടുത്തതിൽ. ആസാദ് അഡ്വർട്ടൈയിസ് ഒരു സ്ഥാപനം തന്നെ.

ചെങ്ങന്നൂർ:— വികടകേസരിവായനക്കാർ മാസികമാത്രം വായിച്ചാൽ ശരിപ്പെടുകയില്ല. വരിസംഖ്യയും കൂടി കൊടുക്കണേ!

ആലപ്പുഴ:— ഫുഡ്ഡിപ്പോയിൽ നടക്കുന്ന അഴിമതികളെക്കുറിച്ചു അടുത്തലക്കത്തിൽ. മുല്ലക്കൽ പത്മാകേഫ് പൂർവ്വാധികം ഭംഗിയായി നടക്കുന്നു. നടന്നു തയ്യൽ സാറിയുടെ തുണിയില്ലാത്തയ്യലുകം ചില ഇക്കാസദനങ്ങളിൽ തകൃതിതന്നെ. ഇരുമ്പുപാലത്തിനു സമീപം മി. ഗോപാലപിള്ളയുടെ കുടസ്റ്റോറിൽപലതരം കുടകളും സ്റ്റാക്കുണ്ട്. മിതമായവില. പരീക്ഷിക്കുവിൻ. ഫാക്റ്ററി വാർഡിൽ റേഷൻകരിംചന്തപുരോഗതിയിൽതന്നെ. ചില മൂപ്പന്മാരുടെ അരിവില്പന ചാക്കുംപടിയോ? ചക്കാത്തുവായനക്കാർ ഇവിടെയുമുണ്ട്, ഇരുമ്പുപാലത്തിനുസമീപമുള്ള ചെറിയപാലം വരിഞ്ഞുകെട്ടി ഇട്ടിരിക്കുന്നതു യാത്രക്കാരെ കുഴക്കാനാണോ?

പുന്നപ്ര:—ഡാക്ടർ വാസവൻെറ ചികത്സാപാടവം പ്രശംസനീയം.

അമ്പലപ്പുഴ:— A. R. D. 44 ബ്ളാക്കിനു പ്രസിദ്ധമാണെന്നു തോട്ടപ്പള്ളിയിൽ ഒരു സംസ്സാരം.

കലവൂർ:— മി. കെ. ജി. ഭാസ്കരൻപിള്ളയുടെ സ്വർണ്ണാഭരണശാല ഉത്തരോത്തരം അഭിവൃദ്ധിയിൽതന്നെ ചില കരിം ചന്തക്കാരെപ്പററി അടുത്തതിൽ.

ഓച്ചിറ:— ആധാരം പതിക്കാൻ ചെല്ലുമ്പോൾ സബ്ബ് രജിസ്റ്റാർ മേശതുറക്കുന്ന ഒരു തരം വേലകാണിക്കുന്ന വിവരം അടുത്തതിൽ. ചില റേഷൻവ്യാപാരികളുടെ വിതരണ രീതികൾ വഴിയേ? വരിക്കാർക്കു അയക്കുന്ന മാസിക പോസ്റ്റിൽ മിഴുങ്ങുന്നതായി ചില വരിക്കാരുടെ പരാതി. വേണ്ടതു വേണ്ടതുപോലെ ചെയ്യുമല്ലോ?

കായംകുളം:— കമ്പോളത്തിലെ കരിം ചന്തക്കു ഒരതിരുണ്ട്. ഭഗവതിവിലാസം ഹോട്ടൽ ഭംഗിയായി തന്നെ നടന്നുവരുന്നതിൽ സന്തോഷമുണ്ട്. ഉദാരമതിയും ദാനശീലനുമായ ഹാജി


## കഥകളി മഹാമഹം

കഥകളി ലോകത്തിൽ പ്രശസ്തിസമ്പാദിച്ച കൊട്ടാരം കഥകളി നടന്മാരുടെ സമ്മോഹന സമ്മേളനരംഗം! എവിടെ? 1127 വൃശ്ചികം 25-ാം തീയതി കാരേററ്

**R. K. V.** യിൽ.

നടന്മാർ;- ശ്രീ. കുറിച്ചികുഞ്ഞൻപണിക്കർ, കലാമണ്ഡലം കൃഷ്ണൻനായർ, മാംകുളം വിഷ്ണുനംപൂതിരി, അവനവഞ്ചേരി കൃഷ്ണപിള്ള, കുടമാളൂർ കരുണാകരൻനായർ, ഓയ്യൂർ കൊച്ചുഗോവിന്ദപ്പിള്ള, ആറന്മുള ഗോപിനാഥൻനായർ തുടങ്ങിയവർ പാട്ട്, സംഗീതവിദ്വാൻറേഡിയോസ്റ്റാർ ചേർത്തലകുട്ടപ്പക്കുറുപ്പ് ആൻഡ് പാർട്ടി. ചെണ്ട കരുനാഗപ്പള്ളി ദാമോദരപ്പണിക്കർ. മദ്ദളം. കീരിക്കാട്ടുവാസുദേവപണിക്കർ. പ്രവേശനം ടിക്കററുമൂലം.

മാനേജർ ഗംഗാധരൻപിള്ള
കാരേററ് വാമനപുരം.

ഹസ്സൻ യാക്കൂബ്സേട്ടിനു ഞങ്ങളുടെ ഭാവുകങ്ങൾ. നാടകക്കാരുടെ ശല്യം വളരെ വർദ്ധിക്കുന്നു. പുതിയ ഐ. പി.-ക്കു സ്വാഗതം.

പുതിയവിള:—പുതിയവിള വായനശാലക്കു സ്വാഗതം. ചക്കാത്തുവായനക്കാർ എന്നും ഈ തൊഴിൽ നടത്തരുതേ! മി. ചെല്ലപ്പനാചാരി സ്വർണ്ണജോലിയിൽ അതിസമർത്ഥൻതന്നെന്നു നാട്ടുകാർ പറയുന്നു.

കീരിക്കാട്ടു:— ഒരു യക്ഷി കായംകുളത്തിനു പറക്കുന്നതും രഹസ്യങ്ങളും അടുത്തതിൽ.

എറണാകുളം:— Y. M. C. A. നടയിൽ സത്യഗ്രഹം ഇരിക്കുന്ന ഒരുകണ്ണാടിക്കാരൻെറ സംഗതി കുഴപ്പമാണേ! പുല്ലേപ്പടിയിൽനിന്നും ഒരുകുട്ടി താറാവു ജട്ടിയിൽ റോന്തുചുററുന്ന സമ്പ്രദായം മനസ്സിലായി.

തട്ടാരമ്പലം:— ദേശബന്ധുവിൻെറ സ്ഥലത്തെ ഏജൻറു് കൃത്യസമയങ്ങളിൽ പത്രം വന്നാലും വായനക്കാൎക്കു എത്തിക്കാതെ മദ്യഷാപ്പുകളിൽ കയറി ഇരുന്നുകുടിച്ചു തലകുഴഞ്ഞു മദോന്മത്തനായി ആടികുഴഞ്ഞു വഴിയേപോകുന്നവരെ തെറിയുംപറഞ്ഞു നടക്കുന്നതു മോശം തന്നെ. ഒരു പത്രം ഏജൻറാണെന്നും പറഞ്ഞു സാമാന്യജനങ്ങളെ ഭയപ്പെടുത്താൻ ശ്രമിക്കുന്നതു ശരീരത്തിനു കേടുസംഭവിക്കാൻ ന്യായമുണ്ടെന്നു പല ജോത്സ്യന്മാരും ഒന്നുപോലെ അഭിപ്രായപ്പെടുന്നു. ഈ വിദ്വാൻെറ ചിലവിവരങ്ങൾ അടുത്തതിൽ. വിജയാഫർമസി ഉടമസ്ഥൻ ശ്രീ. എസ്സ്. എസ്സ്. പിള്ളയുടെ വകയായി ആണ്ടുതോറും നടത്തിവരാറുള്ള അമ്പലത്തിലെ ഉത്സവം ഈ കൊല്ലവും പൂർവ്വാധികം ഭംഗിയായി നടത്തിയിരിക്കുന്നു.

മദ്രാസ്സ്:— ബ്രാഡ്‌വേയിൽ ഒരു തങ്കമണിയുടെ ഉപദ്രവം രാത്രികാലങ്ങളിൽ ഉണ്ടാകുന്നുപോൽ. രാമകൃഷ്ണാലഞ്ചുഹോം തരക്കേടില്ല. വികടകേസരി പലരെയും കണ്ണാടിവഴി നോക്കുന്നുണ്ടു്. ചില ഫിലിംസ്റ്റാർകാർ സൂക്ഷിക്കണേ?

നെടുമങ്ങാട്ടു:— രാജി: കച്ചേരി കാര്യം വരുന്നു. പഴകുററിയിലെ ഒരു വൈദ്യൻെറ അരിഷ്ടം സേവിച്ചാൽ രണ്ടു ഉപയോഗമുണ്ടുപോൽ. പരോപകാരിയായ ശ്രീ. തിരുമലപിള്ള ഒരു വ്യാപാരശിരോമണിയാണു്. ചക്കാത്തുവായനക്കാർ സൂക്ഷിക്കണേ!

VISIT
BHIMA & BROTHER
JEWELLERS
ALLEPPEY

നന്ദിയോട്ടു:—കോട്ടാത്തുണിവന്നാൽ മുഴവനും തട്ടുംപുറത്തു പതുങ്ങിയിരിക്കുന്ന തുണിരഹസ്യം അടുത്തതിൽ. മി. സുകുമാരൻെറ ററീഷാപ്പ് ഒന്നിനൊന്നു മെച്ചം, കുടിശിഖക്കാർ വികടകേസരിയേക്കൂടി ഗൗനിക്കണേ!

പാലോട്ട്:— നയചതുരനും മനുഷ്യസ്നേഹവുമുള്ള മി. രാമൻപിള്ളയുടെ ഉടമസ്ഥതയിൽ നടത്തിവരുന്ന സെൻട്രൻ തിയേററിനു നല്ല ഭാവിയുണ്ടു്. വികടകേസരി ചക്കാത്തുവായനക്കാരെ അന്വേഷണം നടത്തുന്നു. പെരിങ്ങംമല ചില മുതലാളികളുടെ പുറംപൂച്ചുകൾ അടുത്തതിൽ.

Telegram: YESSEN. Phone· 2640

NEO COMMERCIAL PRODUCTS
T. C. 251 Chalai, Trivandrum·

നിങ്ങളുടെ നിത്യ ഉപയോഗങ്ങൾക്കു ഏററവും അത്യാവശ്യമായ കടഞ്ഞ ഇലവിൻ പഞ്ഞി, പലയിനം പായ്കൾ, കയർ തരങ്ങൾ ഇവയ്ക്കു ഞങ്ങളെ സമീപിക്കുവിൻ.

പ്രൊ; എസ്. നാരായണസ്വാമിറെഡ്ഢ്യാർ.

A. S. S. മാക്ക് നല്ലെണ്ണ

പുനലൂർ:— ജനാബ് എസ്. എം. കെ. റാവുത്തരുടെ ബീഡിക്കു പ്രചുര പ്രചാരം തന്നെ. ഒരു ഫോറംസെയിൽ വ്യാപാരിയുടെ രഹസ്യം അടുത്തതിൽ. ചെല്ലം ടാക്കീസ് ചെല്ലം തന്നെ. മോഡേൺ ഹോട്ടൽ റയണിനു ഒരനുഗ്രഹമാണു്. പോ; ഇൻസ്പെക്ടർ മി. വേലുക്കുട്ടിനായർ ഒരു നീതിന്യായ പാലകനാണു്.

കുളത്തൂപ്പുഴ;— വികടകേസരിയേ കാണുമ്പോൾ ഒളിച്ചുകളി നടത്തുന്ന ഒരു മാന്യന്റെ ഡിമാലഗുണ്ടൻ വേല അടുത്തതിൽ. മി. കേശവപിള്ളയുടെ ററീഷാപ്പു് ഭംഗിയായി നടക്കുന്നു.

അഞ്ചൽ;— "ജീവിതനൗകയുടെ മഹത്തായ അൻപതാംദിവസം വെടിക്കെട്ടുനടത്തിയതു് നാട്ടുകാരിൽ നിന്നും പണം പിരിച്ചാണെന്നു ചന്തമുക്കിൽ ഒരു സംസാരം. ദർശനാഹോട്ടൽ ഒന്നാംതരം. ഒരു വിദ്വാന്റെ യക്ഷികഥ വിസ്തരിച്ചു അടുത്തതിൽ. ജയമോഹൻ ടാക്കീസ് നാടകത്തിനും സിനിമാക്കും ഒന്നാംതരം തന്നെ.

ആയൂർ;— കുടിശിഖക്കാർ വികടകേസരിയേക്രുടിനോക്കണേ!

നിലമേൽ;-- മി. രാഘവൻ വൈദ്യന്റെ ചികിത്സാപാടവം പ്രശംസനീയം

മുരുക്കുംപുഴ:— കടവിൽ ഒരു യക്ഷിശല്ല്യം ഉണ്ടെന്നു ഒരു റേഷൻ മുതലാളി പറയുന്നതു മുതലാളിയുടെ ഭയംകൊണ്ടാണോ!

കഠിനംകുളം:— ക്ഷേത്രത്തിന്റെ ചുററുപാടുകൾ വഴിയേ പറയാം. ചാന്നാംകര വിജയാ ലൈബ്രറി ഭംഗിയായിനടക്കുന്നു.

ആററിങ്ങൽ:-- ജി.പി.തഹശിൽദാരെ സ്ഥലത്തുനിന്നും ഒന്നു ഇളക്കി പ്രതിഷ്ഠിച്ചാൽ കൊള്ളാം. തന്റെ ബന്ധുക്കളിൽപ്പെട്ട ആളുകൾ റോഡേ നടന്നുപോയാൽ അവക്കു ആവശ്യംപോലെ പഞ്ചസാരക്കു ചിററുകിട്ടുംപോലും. ധന്വന്തിരി വൈദ്യശാലയിലെ യുവാവായ വൈദ്യന്റെ പെരുമാററത്തിൽ നാട്ടുകാക്കു സന്തോഷമുണ്ടു്. ചന്ദ്രികാസ്റ്റോറും അംബികവിലാസവും അഭിവൃദ്ധിയിൽതന്നെ. ഇലക്ഷൻപ്രചരണങ്ങൾ തകൃതിയായി രാത്രികാലങ്ങളിൽ നടക്കുന്നു പോൽ.

കണിയാപുരം:-- ചില വർഗ്ഗീയവാദികളുടെ ഏടാക്രുടപ്രവൃത്തികൾ മോശമാണേ!

ഓമല്ലൂർ;-- ഓമല്ലൂർ പോസ്റ്റ് ആഫീസിൽ എഴുത്തുവിഴുങ്ങുന്നുവെന്ന മുൻലക്കത്തിലെ വാർത്ത അന്വേഷിച്ചതിൽ അടിസ്ഥാനരഹിതമാണെന്നു സഞ്ചാരിക്കു് അറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഓമല്ലൂർ ഇലന്തൂ റോഡിന്റെ നില സഞ്ചാരയോഗ്യമല്ലാതായിരിക്കുന്നതിനാൽ P. W. D ക്കാരുടെ ശ്രദ്ധ ഒന്നു തെളിഞ്ഞു പതിഞ്ഞാൽ കൊള്ളാം.

ഇടയ്ക്കോട്ട്;— ശ്രീപാദംപകുതി കച്ചേരി ആഫീസ് രണ്ടു് ആഫീസായി മാറിയിരിക്കുന്നുപോലും. (അന്വേഷിക്കാം). സമീപം 200 രൂപായും ചാക്കുംപടി അരി മറിയക്കുവും മററും മററും അടുത്തതിൽ.

# ഇംഗ്ലീഷ് പഠിക്കാത്തവർ

# ദുഃഖിക്കരുത്

അക്ഷരം മുതൽ അരംഭിച്ച് ഒരേ ഒരുവർഷത്തിനകം നാലാംഫാറത്തിന് തുല്യമായ ഇംഗ്ലീഷ് പരിജ്ഞാനംനൽകാം. അതുകഴിഞ്ഞു രണ്ടുവർഷത്തിനകം മദ്രാസ്സ് മെട്രിക്കുലേഷൻ ജയിക്കാം. പിന്നീടുള്ള രണ്ടുവർഷംകൊണ്ട് ഇൻറർമീഡ്യേററ പരിക്ഷയും ജയിക്കാം. ജയിച്ചാൽ ബി. ഏ. ക്ലാസ്സിൽ പ്രവേശനം ലഭിക്കും. സ്ത്രീകൾക്ക ബി. ഏ. പരീക്ഷയ്ക്കും പ്രൈവറ്റായി ചേരാം,

ഇപ്രകാരം ഇംഗ്ലീഷ് അക്ഷരംപോലും വശമില്ലാത്ത ഒരാൾക്ക സ്വന്തഭവനത്തിൽ താമസിച്ച് ഒരു സ്കൂളിലും കാളേജിലും പോകാതെ ബി. ഏ. ജയിക്കാം. അന്യാശ്രയമേ വേണ്ട. അപേക്ഷകർ ഏതുക്ലാസ്സുവരെ പഠിച്ചിട്ടുണ്ടെന്നു കാണിച്ച് 4 ണ. സ്റ്റാമ്പു സഹിതം അപേക്ഷിക്കുക.

4512

മാനേജർ,

**കേംബ്രിഡ്ജ് കാളെജ്**

കൈതമുക്ക്, തിരുവനന്തപുരം.

---

# ശശാങ്ക

**രക്ഷാകേന്ദ്രം**

മൂത്രാശയരോഗങ്ങൾ പിടിപെട്ട് യാതൊന്നുകൊണ്ടും ആശ്വാസം കാണാതെ പരവശപ്പെട്ട് വലയുന്ന സഹോദരീസഹോദരന്മാർക്ക്, പൂർണ്ണാശ്വാസപ്രദമായ ഒരേ ഒരു രക്ഷാകേന്ദ്രമാണ് ശശാങ്ക! സ്കലനം, പഴുപ്പുപോക്ക് പ്രമേഹം, മൂത്രച്ചൂട്, മൂത്രത്തിലുള്ള അടപ്പ്, [കലക്കൽ] വയറെരിച്ചിൽ, അസ്ഥിസ്രാവം (സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്ക്) രക്തംപോക്ക് ഇവകൾക്കും ഉഷ്ണസംബന്ധമായ രോഗങ്ങൾക്കും ഒരുപോലെ ആശ്വാസകരം.

24 നേരത്തേക്കുള്ള പാക്കെററാന്നിന്, വില 3 രൂ. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

ചീഫ് വൈദ്യൻ

**എസ്. എസ്. പിള്ള**

P. O. മാവേലിക്കര, തിരുവിതാംകൂർ.

**വിജയാഫാർമസി.**

# തിരുവനന്തപുരം ചിത്രായിൽ

ജനനിബിഡമായ മൂന്നാംവാരം! അനേകായിരം ജനങ്ങളെ ആകർഷിച്ചുകൊണ്ടു വിജയകരമായി മുന്നോട്ടുനീങ്ങുന്നു !!

മാഡേൺ **30-11-51** മുതൽ തിയേറേറഴ്സുകാരുടെ

# സർവ്വാധികാരി (DICTATOR)

(തമിഴ്)

അഞ്ജലീദേവി, വി. നാഗയ്യ, M. G. രാമചന്ദ്രൻ, M. N. നമ്പ്യാർ, Etc.

ഡയറക്ഷൻ T. R. സുന്ദരം.

നിങ്ങളുടെ അടുത്ത തിയേററുകളിൽ ഉടൻ പ്രതീക്ഷിക്കുക.

Trivandrum Cine Film Distributors Release.

Show Room Phone 2824 Residence Phone 2142

EXCLUSIVE

# FASHION JEWELLERY

IN

# GOLD & SILVER

FOR THE

CONNOISSEUR

## P. M. C. SUBRAMONIAN CHETTIAR

**JEWEL MANSION**

**CHALAI — TRIVANDRUM.**

GRAMS: "VAIRAM"


തിരുവനന്തപുരം പി. കെ. മെമ്മോറിയൽ പ്രസ്സിൽനിന്നും അച്ചടിപ്പിച്ച് ആർ. കൃഷ്ണൻനായർ തിരുവനന്തപുരത്തുനിന്നും പ്രസിദ്ധപ്പെടുത്തുന്നത്.